# പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 70-ാമത് റിപ്പോർട്ട്

(2020 ഫെബ്രുവരി മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 70-ാമത് റിപ്പോർട്ട്

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കായികവും യുവജനകാര്യവും, ആഭ്യന്തരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

305/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം : | | |
| I. പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 40 |
| II. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 47 |
| III. എ. ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നുള്ള അനുബന്ധം | : | 60 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, ചെയർമാൻ.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., അണ്ടർ സെക്രട്ടറി.

## മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കായികവും യുവജനകാര്യവും, ആഭ്യന്തരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021) യുടെ 70-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 10-6-2014-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2020 ഫെബ്രുവരി മാസം 3-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

# റിപ്പോർട്ട്

## കായികവും യുവജനകാര്യവും വകുപ്പ്

[സി & എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.1-2.3.6.1]

### കായികവളർച്ചയ്ക്കുള്ള പദ്ധതികളും/പ്രവർത്തനങ്ങളും (2.3)

'എല്ലാവർക്കും കായികവിനോദം' എന്ന തത്വത്തോടെ കേരള സർക്കാർ കേരളാ കായിക ആക്റ്റ് 2000 പാസാക്കി. താഴെത്തട്ടിലുള്ള കായിക വികസനവും അതുവഴി ദേശീയ അന്തർദേശീയ തലങ്ങളിലെ കായിക മത്സരങ്ങളിലെ ബഹുജന പങ്കാളിത്തം ഉറപ്പാക്കുകയും വഴി കായിക മികവുകളെ കണ്ടെത്തുകയെന്നത് സംസ്ഥാനത്തിന്റെ കായിക ഉദ്ദേശ്യത്തിൽ ഉൾപ്പെടുന്നു. പ്രവർത്തനക്ഷമതാ ഓഡിറ്റിൽ പദ്ധതി രൂപീകരണം, ധനവിനിയോഗം, പദ്ധതികളുടെ സമയത്തുള്ള പൂർത്തീകരണം, കാര്യപരിപാടികളുടെ നടപ്പാക്കൽ മുതലായവയിൽ ന്യൂനതകൾ കാണുകയുണ്ടായി.

### ആമുഖം (2.3.1)

കേരള സർക്കാർ 'എല്ലാവർക്കും കായികവിനോദം' എന്ന തത്വത്തോടെ കേരളാ കായിക ആക്റ്റ് 2000 പാസാക്കി. സംസ്ഥാനത്തെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്പോർട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സിലും ഗെയിംസിലും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന, ജില്ലാ പ്രാദേശിക തലങ്ങളിൽ സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണവും ഇത് വിഭാവന ചെയ്യുന്നു. സ്പോർട്സ് കൗൺസിലിന്റെ വിവിധ കാര്യക്രമങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ജൂലൈ 2008-ൽ രൂപീകരിച്ചു. സംസ്ഥാനത്തിന്റെ കായിക ലക്ഷ്യങ്ങളിൽ കായിക കാര്യക്രമങ്ങളുടെ താഴെത്തട്ടിലുള്ള വികസനവും സ്പോർട്സിലെയും ഗെയിംസിലെയും ജനപങ്കാളിത്തത്തിലൂടെ ദേശീയ അന്തർദേശീയ കായിക ഇനങ്ങളിലെ കായിക മികവ് ഉറപ്പാക്കലും ഉൾപ്പെടുന്നു. എല്ലാ കായിക കാര്യക്രമങ്ങളുടെയും കേന്ദ്രബിന്ദുവായി കായികതാരത്തെ പരിഗണിച്ച് കൊണ്ട് കായിക മേഖലയിൽ കേരളത്തെ മുന്നോക്ക നിരയിലുള്ള ഒരു ഊർജ്ജസ്വലമായ സംസ്ഥാനമായി വളർത്തിയെടുക്കാനുള്ള കായികനയം സ്വീകരിക്കാനും നടപ്പിലാക്കാനുമുള്ള പാതയിലുമാണ്.

### കേരളത്തിലെ കായിക രംഗം

ഒളിമ്പിക്സ് ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നിവയിലെ നല്ല പ്രകടനത്തോടെ അത്‌ലറ്റിക്സിൽ കേരളം മുൻനിരയിലാണ്. ബെയിജിംഗ് ഒളിമ്പിക്സിലും (2008) ലണ്ടൻ ഒളിമ്പിക്സിലും (2012) രാജ്യത്തെ പ്രതിനിധാനം ചെയ്ത അത്‌ലറ്റുകളുടെ ഏകദേശം 25 ശതമാനവും (യഥാക്രമം 16-ൽ മൂന്നും 14-ൽ നാലും) കേരളത്തിൽ നിന്നായിരുന്നു. ന്യൂഡൽഹിയിൽ (2010) വച്ച് നടന്ന XIX-ാമത് കോമൺവെൽത്ത് ഗെയിംസിൽ കേരള അത്‌ലറ്റുകൾ രാജ്യത്തിനുവേണ്ടി അഞ്ച് മെഡലുകൾ (ഒരു സ്വർണം, ഒരു വെള്ളി, മൂന്ന് വെങ്കലം) നേടി. ചൈനയിലെ ഗ്വാംഗ് ഷൌവിൽ 2010-ൽ നടന്ന XVI-ാമത് ഏഷ്യൻ ഗെയിംസിൽ കേരള അത്‌ലറ്റുകൾ രാജ്യത്തിനുവേണ്ടി അഞ്ച് മെഡലുകൾ (മൂന്ന് സ്വർണം, ഒരു വെള്ളി, ഒരു വെങ്കലം) നേടി. കഴിഞ്ഞ നാല് വർഷങ്ങളായി (2009-2012) അത്‌ലറ്റിക്സിന്റെ സീനിയർ തലത്തിൽ കേരളം ദേശീയ ചാമ്പ്യൻമാരാണ്.

വോളിബോളിൽ കേരളത്തിന്റെ പുരുഷ ടീം കഴിഞ്ഞ രണ്ട് വർഷമായി ദേശീയ ചാമ്പ്യന്മാരും വനിതാ ടീം കഴിഞ്ഞ നാല് വർഷമായി റണ്ണേഴ്സ് അപ്പുമായിരുന്നു. കഴിഞ്ഞ രണ്ട് ദേശീയ ഗെയിംസുകളിൽ സംസ്ഥാനത്തിന്റെ മൊത്തം മെഡൽ നില യഥാക്രമം 75-ഉം 87-ഉം ആയിരുന്നു. ദേശീയ ഗെയിംസുകളിൽ സംസ്ഥാനത്തിന്റെ ദേശീയ സ്ഥാനം 2007-ൽ നാലും 2011-ൽ ഏഴും ആയിരുന്നു. അതുപോലെ 2009-2013 കാലയളവിൽ ദേശീയ സ്കൂൾ ഗെയിംസുകളിൽ സംസ്ഥാനത്തിന്റെ സ്ഥാനം അഞ്ചിനും ഏഴിനും ഇടയിൽ ആയിരുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ (കെ.എസ്.എസ്.സി.) അതിനോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന 32 വിവിധ സ്പോർട്സ് സംഘടനകൾ വഴി നിരവധി സ്പോർട്സ് പ്രോത്സാഹന കാര്യപരിപാടികൾ നടപ്പിലാക്കുന്നു.

**ഘടനാ സംവിധാനം (2.3.2)**

വകുപ്പിന്റെ പ്രാഥമികമായ ഉത്തരവാദിത്തം കായിക യുവജന കാര്യങ്ങൾക്കുള്ള വിശാലമായ കാഴ്ചപ്പാടുകളും നയങ്ങളും രൂപീകരിക്കുകയും കായിക സംബന്ധമായ പദ്ധതികളും പരിപാടികളും ഡയറക്ടർ കായികവും യുവജനകാര്യങ്ങൾ (ഡി.എസ്. & വൈ.എ.), സ്വയം പര്യാപ്ത യൂണിറ്റായ കേരള സ്പോർട്സ് കൗൺസിൽ, പ്രാദേശിക സ്വയം ഭരണങ്ങളുടെ വികേന്ദ്രീയ സംവിധാനം എന്നിവയിലൂടെ നടപ്പാക്കുന്നു. 35-ാം ദേശീയ ഗെയിംസിന്റെ വിജയകരവും സമയബന്ധിതവുമായ നടത്തിപ്പിനായി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് (എൻ.ജി.എസ്.) എന്ന പേരിലുള്ള ഒരു സൊസൈറ്റി രൂപീകരിക്കപ്പെട്ടു (നവംബർ 2008).

വകുപ്പിന്റെ വിശദമായ ഘടനാ സംവിധാനം താഴെ കൊടുക്കുന്നു:



## ഓഡിറ്റ് ലക്ഷ്യം (2.3.3)

പ്രവർത്തനക്ഷമത ഓഡിറ്റിന്റെ ലക്ഷ്യം താഴെപ്പറയുന്നവ നിർണ്ണയം ചെയ്യാനായിരുന്നു:

- വകുപ്പിന്റെ വാർഷിക പദ്ധതികളുടെ നിർണ്ണയം, വകുപ്പിന്റെ അംഗീകൃത ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് പര്യാപ്തമായിരുന്നോ;
- സംസ്ഥാനത്തെ കായിക കാര്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി നടപ്പാക്കലിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും അനുവദിച്ച തുക പര്യാപ്തമായിരുന്നോ; അതിന്റെ വിനിയോഗം മിതവ്യയം പാലിച്ച് ഉപയോഗപ്രദവും ഫലപ്രദവും ആയിരുന്നോ;
- ഹോസ്റ്റലുകൾ, ആർച്ചറി അക്കാഡമി, ഹൈ ആൾട്ടിട്യൂഡ് പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ കായിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായിരുന്നോ;
- വിവിധ കാര്യപരിപാടികൾ/പദ്ധതികളുടെ നടപ്പിലാക്കൽ വിലയിരുത്താനുള്ള നിരീക്ഷണ സംവിധാനം ഫലപ്രദമായിരുന്നോ.

## ഓഡിറ്റ് മാനദണ്ഡങ്ങൾ (2.3.4)

- വകുപ്പിന്റെ പ്രകടനം താഴെപ്പറയുന്ന സൂചികകളെ ആധാരമാക്കി ആയിരുന്നു:
- സംസ്ഥാനത്തെ കായിക ഉന്നമനത്തിനായി രൂപീകരിച്ച കേരള കായിക ആക്ട് 2000-ലും കേരള കായിക നിയമങ്ങൾ 2008-ലും നിജപ്പെടുത്തിയ മാനദണ്ഡങ്ങൾ/ വ്യവസ്ഥകൾ;
- കായിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ/ നിർദ്ദേശങ്ങൾ;
- അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടിക്കും പരിപാലനത്തിനും കായിക സംബന്ധമായ പരിപാടികളുടെ നടത്തിപ്പിനായും സർക്കാർ ഇറക്കിയ ഉത്തരവുകളും അനുമതികളും;
- കായിക പരിശീലകരുടെ എംപാനലിനായും കുട്ടികളുടെ തെരഞ്ഞെടുപ്പിനായും കാലാകാലങ്ങളിൽ സർക്കാർ ഇറക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ.

## ഓഡിറ്റിന്റെ സാദ്ധ്യതകളും നിർവ്വഹണ രീതിയും (2.3.5)

കായിക കാര്യങ്ങളുടെ പ്രോത്സാഹനത്തിനായുള്ള നടപടികളും പദ്ധതികളും അടിസ്ഥാനമാക്കിയുള്ള ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ്, 2008-2013 കാലയളവിനെ ഉൾക്കൊള്ളിച്ചുകൊണ്ട് കായിക വകുപ്പ്, ഡി.എസ്. & വൈ.എ., കെ.എസ്.എസ്.സി.,

എൻ.ജി.എസ്. എന്നിവിടങ്ങളിലെ രേഖകൾ ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട്, ഏപ്രിൽ 2013-നും ജൂലൈ 2013-നും ഇടയിൽ നടന്നു. കൂടാതെ, ജില്ലാ കായിക സമിതികൾ, അഞ്ച് കേന്ദ്രീകൃത കായിക ഹോസ്റ്റലുകൾ (സി.എസ്.എച്ച്), തെരഞ്ഞെടുത്ത അഞ്ച്[1] (14-ൽ) ജില്ലകളിലെ 84 ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ രേഖകളും ലാക്ഷണിക പരിശോധന നടത്തി. ഓഡിറ്റിനുള്ള ജില്ലകൾ തെരഞ്ഞെടുത്തത് പ്രോബബിലിറ്റി പ്രൊപ്പോഷണൽ റ്റു സൈസ് വിത്തൗട്ട് റിപ്ളേയ്സ്മെന്റ് (പി.പി.എസ്.ഡബ്ല്യു.ഒ.ആർ.) സാംപ്ളിംഗ് രീതി അവലംബിച്ചായിരുന്നു.

ഓഡിറ്റ് നിർവ്വഹണ രീതിയിൽ ഉൾപ്പെട്ടിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള ചർച്ച, രേഖകളുടെ സൂക്ഷ്മപരിശോധന, ഓഡിറ്റ് അന്വേഷണങ്ങൾ നൽകൽ, മറുപടി ശേഖരണം, വിവരശേഖരണത്തിനും ഓഡിറ്റ് തെളിവുകളുടെ ശേഖരണത്തിനുമായി നിർവ്വഹണ ഉദ്യോഗസ്ഥരോടൊപ്പമുള്ള സ്ഥല പരിശോധന എന്നിവയായിരുന്നു. കായികവും യുവജനകാര്യത്തിനുമായുള്ള സെക്രട്ടറിമാരുമായി ഒരു പ്രാരംഭ കൂടിയാലോചന നടത്തുകയും (ഏപ്രിൽ 2013) പ്രവർത്തന ഓഡിറ്റിന്റെ നിർവ്വഹണ രീതി അറിയിക്കുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ അന്തിമ കൂടിക്കാഴ്ചയിൽ (ഒക്ടോബർ 2013) കായികത്തിനും യുവജനകാര്യത്തിനുമായുള്ള സർക്കാർ സെക്രട്ടറിമാരുമായി ചർച്ച ചെയ്യുകയും അവരുടെ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ ഉചിതമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പ്രതിപാദിക്കുന്നു:

## ആസൂത്രണം (2.3.6)

കായിക മികവ് മെച്ചപ്പെടുത്താനുള്ള വകുപ്പിന്റെ പ്രവർത്തനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, കായിക കാര്യങ്ങൾ നടപ്പാക്കൽ, ഡി.എസ്. & വൈ.എ., കെ.എസ്.എസ്.സി. മുതലായ ഏജൻസികൾ മുഖേന പരിശീലകരേയും കായിക ഉപഭോക്താക്കളെയും തെരഞ്ഞെടുക്കൽ എന്നിവ ഉൾപ്പെടുന്നു. ഇതോടൊപ്പം താമസ സൗകര്യങ്ങൾ ഒരുക്കുകയും സംസ്ഥാന/ദേശീയ/ അന്തർദേശീയ പരിശീലകരിലൂടെ കായികവുമായി ബന്ധപ്പെട്ട മറ്റ് പരിശീലനവും കോച്ചിംഗും ലഭ്യമാക്കുകയും ചെയ്യുന്നു.

### ജോലികളുടെ ആവശ്യകതയുടെയും മുൻഗണനാക്രമത്തിന്റെയും നിർദ്ധാരണം (2.3.6.1)

കായിക അടിസ്ഥാന സൗകര്യത്തിനായുള്ള പ്രോജക്റ്റുകൾ ഉചിതമായ നിർദ്ധാരണമില്ലാതെ പദ്ധതിയിൽ (പ്ലാനിംഗ്) ഉൾപ്പെടുത്തി കായിക യുവജന ക്ഷേമത്തിനോട് ബന്ധപ്പെട്ട വാർഷിക പദ്ധതികൾ വകുപ്പ് തയ്യാറാക്കിയിരുന്നത്

1 ആലപ്പുഴ, കോട്ടയം, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം.

സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതികളുമായി ബന്ധപ്പെടുത്തിയായിരുന്നു. വാർഷിക പദ്ധതികളല്ലാതെ കായിക വികസനത്തിനായി ദീർഘകാല പദ്ധതിയൊന്നും വകുപ്പിനില്ലായിരുന്നു. കായിക യുവജനക്ഷേമ വികസനത്തിനായുള്ള നിധികൾ സർക്കാർ ലഭ്യമാക്കിയിരുന്നത് ഡി.എസ്. & വൈ.എ., കെ.എസ്.എസ്.സി., കെ.എസ്.വൈ. ഡബ്ല്യു.ബി. എന്നിവയുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു.

ഓഡിറ്റ് ശ്രദ്ധിച്ചതെന്തെന്നാൽ കെ.എസ്.എസ്.സി.യുടെ (അനുബന്ധം III) വാർഷിക പദ്ധതികളിൽ ആവർത്തിച്ച് ഉൾപ്പെടുത്തിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നീന്തൽകുള നിർമ്മാണം, കളിസ്ഥലങ്ങളുടെ വികസനം, കായിക അക്കാഡമികളുടെ രൂപീകരണം തുടങ്ങിയ 11 പ്രോജക്ടുകൾ/സ്കീമുകൾ ആരംഭിച്ചിട്ടില്ല (മാർച്ച് 2013). ഈ പ്രോജക്ടുകൾ പദ്ധതികളിൽ ഉൾപ്പെടുത്തിയത് സൂചിപ്പിക്കുന്നത് ആസൂത്രണത്തിലുള്ള പോരായ്മയും മുൻഗണനാക്രമം നിർണ്ണയിക്കാത്തതുമൂലവുമാണ്. ഈ പ്രോജക്ടുകൾ നടപ്പാക്കാനുള്ള സജീവ പരിഗണന ഇല്ലായെന്ന് കെ.എസ്.എസ്.സി. വ്യക്തമാക്കി (2013 ജൂൺ). സർക്കാർ ഓഡിറ്റിന്റെ നിരീക്ഷണം അംഗീകരിക്കുകയും (2013 നവംബർ) പദ്ധതികളുടെ എല്ലാ വശങ്ങളും സാധ്യതകളും പരിശോധിച്ച ശേഷം ഒരു ആവശ്യാധിഷ്ഠിത ദീർഘകാല പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ എടുക്കുമെന്ന് അറിയിക്കുകയും ചെയ്തു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

1. കായിക വികസനത്തിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച ആഡിറ്റ് പരാമർശത്തിൽ ഗവൺമെന്റിൽ നിന്ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി കായിക വികസനത്തിനായി ദീർഘകാല പദ്ധതികളോ മുൻഗണനാ ക്രമമോ ഇല്ലാതെ എല്ലാവർഷവും ആവർത്തിച്ച് പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തുമെങ്കിലും അവയൊന്നും നടപ്പിലാക്കുന്നില്ലെന്ന് വിലയിരുത്തി.

2. നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ പ്ലാൻ ചെയ്യാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വെറുതെ കുറേ പ്രോജക്ടുകൾ തയ്യാറാക്കുക മാത്രമാണ് ചെയ്യുന്നതെന്ന് അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു. നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ പ്ലാൻ ചെയ്താലും അവ 100 ശതമാനവും നടപ്പിലാക്കാൻ സാധിക്കണമെന്നില്ലായെന്നും തുടർച്ചയായ അഞ്ച് വർഷം ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

3. ഈ വർഷം പദ്ധതികളുടെ ആവർത്തനം ഒഴിവാക്കിയും, നടപ്പിലാക്കാൻ സാധിക്കാത്തവ ഒഴിവാക്കുകയും, ഒരുപോലെയുള്ളവ സംയോജിപ്പിച്ചുമാണ് പ്ലാൻ പ്രൊപ്പോസൽ നൽകിയിരിക്കുന്നതെന്ന് കായിക യുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ആരോഗ്യപരമായി സ്പോർട്സിനെ വികസിപ്പിക്കുന്ന തരത്തിലുള്ള നല്ല പദ്ധതികളാണ് ഉണ്ടാകേണ്ടതെന്ന് സമിതി നിരീക്ഷിച്ചു ജനത്തിന് കാണുവാൻ താൽപ്പര്യമുള്ളതും അതോടൊപ്പം പ്രാദേശികമായ കാലാവസ്ഥയും ജനങ്ങളുടെ ആരോഗ്യരീതി അനുസരിച്ചും ഉള്ള പ്രോജക്ടുകൾ രൂപപ്പെടുത്തിയാൽ അത് വിജയിപ്പിക്കാൻ നാട്ടുകാരുടെ പങ്കാളിത്തം കൂടിയുണ്ടാകുമെന്നും ഇതുമൂലം സ്വാഭാവികമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കാൻ സാധിക്കുമെന്നും, എന്നാൽ നിലവിൽ തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ പലതും അങ്ങനെയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഓരോ പ്രദേശത്തും തദ്ദേശീയമായി പ്രാധാന്യമുള്ള കായിക ഇനത്തെ പ്രോത്സാഹിപ്പിച്ചാൽ മാത്രമേ പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പു വരുത്താനാവൂ എന്നും ആയതിനാൽ ലാഭകരമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിൽ വന്നിട്ടുള്ളതാണെന്നും ബഡ്ജറ്റ് വിഹിതം കുറവായതിനാൽ ധാരാളം പദ്ധതികളിൽ നിന്നും പ്രധാനപ്പെട്ടവ തരംതിരിച്ചെടുക്കേണ്ടതുണ്ടെന്നും, ക്ലബ്, പഞ്ചായത്ത്, എം.എൽ.എ./എം.പി. ഫണ്ട് തുടങ്ങിയവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് മുൻഗണന കൊടുത്ത് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. വകുപ്പിന് ലഭിക്കുന്ന വിഹിതം കുറവായതിനാൽ അത്തരത്തിൽ ധനസഹായം ലഭിച്ചാൽ മാത്രമേ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

5. സംസ്ഥാനത്തെ കായികകാര്യങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സംക്ഷിപ്തമായ ഒരു ഡേറ്റാബേസ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല പദ്ധതികൾ രൂപീകരിക്കാനും, പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കായിക വികസനത്തിനായി വാർഷിക പദ്ധതികൾ അല്ലാതെ ദീർഘകാല പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നീന്തൽക്കുള നിർമ്മാണം, കളി സ്ഥലങ്ങളുടെ വികസനം, കായിക അക്കാഡമികളുടെ രൂപീകരണം തുടങ്ങിയ പദ്ധതികൾ വാർഷിക പദ്ധതിയിൽ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആസൂത്രണത്തിലെ പിഴവ് മുൻഗണനാക്രമം നിശ്ചയിക്കാത്തതുമാണ് ഇത്തരത്തിൽ പദ്ധതികൾ ആവർത്തിച്ച് ഉൾപ്പെടുത്തുന്നതിന്റെ കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികളുടെ എല്ലാ പ്രായോഗിക വശങ്ങളും സാധ്യതകളും പരിശോധിച്ച ശേഷം കായിക അടിസ്ഥാന സൗകര്യത്തിനായുള്ള ഒരു ആവശ്യാധിഷ്ഠിത ദീർഘകാല പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ജനത്തിന് കാണുവാൻ താൽപ്പര്യമുള്ളതും അതോടൊപ്പം തദ്ദേശീയമായി പ്രാധാന്യവും പ്രചാരവുമുള്ളതും കാലാവസ്ഥയ്ക്ക് അനുയോജ്യമായതുമായ കായിക ഇനങ്ങൾ തെരഞ്ഞെടുത്താൽ മാത്രമേ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി കായിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ തെരഞ്ഞെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. കായികവകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം കുറവായതിനാൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായിക വികസനത്തിനുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[സി & എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.6.2]

**കായിക അടിസ്ഥാന സൗകര്യ വിവരങ്ങളുടെ (ഡേറ്റയുടെ) അഭാവം (2.3.6.2)**

സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക സൗകര്യങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ കായിക വ്യക്തികളുടെയും കായിക അടിസ്ഥാന സൗകര്യങ്ങളുടെയും[2] ലഭ്യതയെപ്പറ്റിയുള്ള ബൃഹത്തായ വിവരം വിവിധ കായിക അടിസ്ഥാന സൗകര്യ രൂപീകരണത്തിനും കായിക വികസന പ്രോഗ്രാമുകൾ നടപ്പാക്കലിനും നിർണ്ണായകമാണ്. ഇപ്പോൾ കെ.എസ്.എസ്.സി. യ്ക്കോ ഡി.എസ്. & വൈ.എ.യ്ക്കോ അത്തരം വിവരങ്ങൾ ലഭ്യമല്ല. സർക്കാർ 2010-ൽ ഡി.എസ്. & വൈ.എ.യ്ക്ക് സംസ്ഥാനത്തെ ലഭ്യമായ കായിക സൗകര്യങ്ങൾ സംബന്ധിച്ച ഭൗമ സ്ഥാനീയ[3] വിവരം ശേഖരിച്ച് സൂക്ഷിക്കാനായി 35 ലക്ഷം രൂപ അനുവദിച്ചു. ഈ ജോലി ഡി.എസ്. & വൈ.എ. കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന് ഡിസംബർ 2012-ൽ മാത്രമാണ് നൽകിയതെന്നും ജോലി പൂർത്തീകരിക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ഡിസംബർ 2014 ഓടെയാണെന്നും ഓഡിറ്റിൽ കാണപ്പെട്ടു.

കായികാംഗങ്ങളെ സംബന്ധിച്ച ഡേറ്റാബേസ്, വിദ്യാഭ്യാസ വകുപ്പിൽ നിന്നും യൂണിവേഴ്സിറ്റികളിൽ നിന്നും ഡേറ്റാ ശേഖരിച്ചിട്ട്, നിർമ്മിക്കുമെന്ന് സർക്കാർ അറിയിച്ചു (നവംബർ 2013).

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

---

2 സ്റ്റേഡിയം, കളിസ്ഥലം തുടങ്ങിയവ

3 ഭൗമ-സ്ഥാനീയ വിവരം എന്നാൽ ഭൗമ സ്ഥാനവും പ്രകൃതിദത്തമോ നിർമ്മിതമോ ആയ പ്രത്യേകതകൾ തിരിച്ചറിയുന്നതും ഭൗമാതിർത്തി തിരിച്ചറിയുന്നതുമാണ്.

9. ഭൗമസ്ഥാനീയ വിവരത്തിലെ നിലവിലെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന്, കേരള സംസ്ഥാന വിദൂരസംവേദന പരിസ്ഥിതി കേന്ദ്രം 2012 ഡിസംബറിൽ ഭൗമസ്ഥാനീയ വിവരശേഖരണം സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചെങ്കിലും, 2016 ലാണ് ജോലി പൂർത്തീകരിച്ചതെന്നും, അത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംഗ്രഹം സ്പോർട്സ് ഗൈഡായി ഈ വർഷം ഇറക്കിയിട്ടുണ്ടെന്നും ആയത് സമിതി അംഗങ്ങൾക്ക് ലഭ്യമാക്കാമെന്നും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമായ എല്ലാ കായിക സൗകര്യങ്ങളുടെ വിവരങ്ങളും കേരളത്തിൽ നിന്നുള്ള ഒളിമ്പിക്സ്, അർജ്ജുന, ദ്രോണാചാര്യ, ഖേൽരത്ന, ധ്യാൻചന്ദ് എന്നീ അവാർഡ് ജേതാക്കളുടെ ലിസ്റ്റും പ്രസ്തുത ഗൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇതിനായി ഇപ്പോൾ ഒരു മൊബൈൽ ആപ് ഇറക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഈ ആപ്ലിക്കേഷനിലെ ജിയോ, കോർഡിനേറ്റ്സ് ഉപയോഗിച്ച് കേരളത്തിൽ എല്ലായിടത്തും ഏറ്റവും അടുത്തുള്ള കളിസ്ഥലവും അതിന്റെ ദൂരവും എത്തിച്ചേരാനെടുക്കുന്ന സമയവും അടുത്തുള്ള കോച്ചുകളുടെ വിവരങ്ങളും ഉൾപ്പെടെ ലഭിക്കുമെന്നും, അങ്ങനെ ഓരോ കായിക വിനോദത്തിനും അനുസൃതമായ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

10. കേരള സംസ്ഥാന വിദൂരസംവേദന പരിസ്ഥിതി കേന്ദ്രത്തിന് നൽകാനുള്ള തുക നൽകിയോ എന്ന എ.ജി.യുടെ ചോദ്യത്തിന് മറുപടിയായി മുഴുവൻ തുകയും ഏകദേശം നൽകിയതായും ഇനി അന്തിമഘട്ട പേയ്മെന്റ് മാത്രമാണുള്ളതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

പരാമർശം ഇല്ല.

[സി & എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ) ഓഡിറ്റ് ഖണ്ഡിക 2.3.7.1-2.3.7.3]

**സാമ്പത്തിക നിർവ്വഹണം (2.3.7)**

***ബഡ്ജറ്റ് വിഹിതവും ചെലവും (2.3.7.1)***

കായിക വികസനത്തിന് സർക്കാർ ഡി.എസ്. & വൈ.എ.യ്ക്ക് നൽകിയ ബഡ്ജറ്റ് വിഹിതം താഴെപ്പറയും വിധം ആയിരുന്നു:

**പട്ടിക 2.16: ഡി.എസ് & വൈ.എ. ബഡ്ജറ്റ് വിഹിതവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ**

(₹ കോടിയിൽ)

| വർഷം | പദ്ധതി | | | പദ്ധതിയേതരം | |
|---|---|---|---|---|---|
| | ഡി.എസ്.&വൈ.എ. | | | ഡി.എസ്.&വൈ.എ. | |
| | വിഹിതം (അസൽ)* | ചെലവ് | മാർച്ച് മാസത്തിൽ ചെലവാക്കിയ തുക | വിഹിതം (അസൽ) | ചെലവ് |
| 2008-09 | 8.69 | 8.68 | 8.32 | 0.45 | 0.48 |
| 2009-10 | 86.47 | 86.41 | 84.98 | 0.46 | 0.51 |
| 2010-11 | 24.97 | 14.69 | 7.48 | 0.62 | 0.51 |
| 2011-12 | 32.25 | 8.08 | 5.19 | 0.82 | 0.92 |
| 2012-13 | 58.45 | 57.85 | 22.12 | 0.80 | 0.92 |
| Total | 210.83 | 175.71 | 128.09 | 3.15 | 3.34 |

ഉറവിടം: കേരള സർക്കാരിന്റെ ധനവിനിയോഗ കണക്കുകൾ

*എൻ.ജി.എസ്.-ന് അനുവദിച്ചത് ഉൾപ്പെടെ

ബജറ്റ് വിഹിതവും ചെലവും സംബന്ധിച്ച മൊത്തത്തിലുള്ള വിശകലനം താഴെപ്പറയുന്നവ വെളിപ്പെടുത്തി.

**നിധികളുടെ നഷ്ടമാക്കൽ/കുറഞ്ഞ ഉപയോഗം (2.3.7.2)**

കേരള ബജറ്റ് മാനുവലിന്റെ 91-ാം ഖണ്ഡിക അനുസരിച്ച് ചെലവു ചെയ്യുന്ന വകുപ്പുകൾ മിച്ചം വരുമെന്ന് മുന്നിൽ കണ്ടാൽ ധനസഹായവും/ധനവിഹിതവും അല്ലെങ്കിൽ അവയുടെ അംശങ്ങളും താമസംവിനാ തിരികെ അടയ്ക്കേണ്ടതാകുന്നു. വകുപ്പുകൾ ധനസഹായവും/ധനവിഹിതവും തിരികെ അടയ്ക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം വരെ കാത്തിരിക്കാൻ പാടില്ല. മേൽപറഞ്ഞതിനു വിരുദ്ധമായി ഡി.എസ്. & വൈ.എ. ഉപയോഗിച്ചിരുന്ന ചില ശീർഷകങ്ങളിലെ ബജറ്റ് വിഹിതം പൂർണ്ണമായോ/ സിംഹഭാഗമോ സാമ്പത്തിക വർഷത്തിന്റെ അന്തിമ ദിനം വരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരുന്നതായും സാമ്പത്തിക വർഷാവസാനത്തിൽ നഷ്ടപ്പെടാൻ അനുവദിച്ചതായും ഓഡിറ്റ് കണ്ടു.

വിവിധ ശീർഷകങ്ങളിലെ വലിയ മിച്ചം സൂചിപ്പിക്കുന്നത് ബജറ്റ് വിഹിതം നടത്തിയത് ആവശ്യകതയുടെ ഉചിതമായ നിർണ്ണയം നടത്താതെയായിരുന്നു എന്നാണ്. 2008-2013 കാലയളവിൽ ഡി.എസ്. & വൈ.എ.യ്ക്ക് പദ്ധതി ശീർഷകത്തിൽ സംസ്ഥാനത്തെ കായിക വികസനത്തിനായി കിട്ടിയ ബജറ്റ് വിഹിതമായ ₹ 210.83 കോടി രൂപയുടെ സ്ഥാനത്ത് ₹ 175.71 കോടി രൂപ മാത്രമാണ് പിൻവലിച്ചത്. ബാക്കി തുകയായ ₹ 35.12 കോടി രൂപ വകുപ്പ് സമയത്ത് തിരികെ അടയ്ക്കാതിരുന്നത് മൂലം ഉപയോഗരഹിതമായി.

**ചെലവിലെ തിടുക്കം (2.3.7.3)**

കേരളാ ബജറ്റ് മാനുവലിന്റെ ഖണ്ഡിക 91(2) അനുസരിച്ച് ചെലവിന്റെ ഒഴുക്ക് പ്രത്യേക രീതിയിൽ നിയന്ത്രിക്കുന്നതിലൂടെ സാമ്പത്തിക വർഷത്തിന്റെ അവസാനം ചെലവിന്റെ തിരക്ക് ഉണ്ടാകരുതെന്നതാണ്. ഇക്കാര്യം ഡി.എസ്. & വൈ.എ. പാലിച്ചില്ലെന്ന് കാണുകയും മാർച്ച് മാസത്തെ ചെലവ് 2008-09 വർഷം അറ്റധന ലഭ്യതയുടെ 95.85 ശതമാനവും 2012-13-ൽ അത് 38.24 ശതമാനവും ആയിരുന്നതായി ശ്രദ്ധിക്കുകയും ചെയ്തു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

11. 2013-ലെ വിഹിതമായ 210.83 കോടി രൂപയിൽ ചെലവായത് 175.71 കോടി രൂപയാണെന്നും, 2009-10-ൽ 86.41 കോടി രൂപയിൽ 84.98 കോടി രൂപയും മാർച്ച് മാസത്തിലാണ് ചെലവാക്കിയിരിക്കുന്നതെന്നും, ലഭ്യമാക്കിയിരിക്കുന്ന കണക്ക് പ്രകാരം 2008 മുതലുള്ള അഞ്ച് വർഷവും മാർച്ച് മാസത്തിലാണ് കൂടുതൽ ചെലവ് വന്നിരിക്കുന്നതെന്നും, സമിതി നിരീക്ഷിച്ചു.

12. പേയ്മെന്റെല്ലാം നിർമ്മാണ ചെലവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായതിനാൽ സ്വാഭാവികമായ കാലതാമസം വരാറുണ്ടെന്നും, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായതുകൊണ്ട് തുക ചെലവാക്കിയതിന് ശേഷം മാത്രം എക്സ്പെൻഡിച്ചർ കാണിക്കുകയും ചില എക്സ്പെൻഡിച്ചറുകൾക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ടെന്നും, അങ്ങനെയുള്ള ചില അപാകതകൾ വന്നിട്ടുണ്ടെന്നും ഇപ്പോൾ ചെലവുകൾ യുക്തിപൂർവ്വമായി ക്രമീകരിക്കാൻ വളരെയധികം ശ്രദ്ധിക്കുന്നുണ്ടെന്നും കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

പരാമർശം ഇല്ല.

[സി. & എ.ജി. യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.7.4]

**സംസ്ഥാന കായിക വികസന നിധി (2.3.7.4)**

സർക്കാരിനാൽ ജൂൺ 2008-ൽ നിയുക്തമായ കേരള സംസ്ഥാന കായിക കമ്മീഷൻ, സംസ്ഥാനത്തൊട്ടാകെ ഘട്ടംഘട്ടമായി കായിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതുവഴി വിദ്യാർത്ഥികളുടെ ഇൻഷ്വറൻസ് കവറേജ് സാദ്ധ്യമാക്കാനും സമർത്ഥരായ കായിക താരങ്ങൾക്ക് വിദേശ പരിശീലനത്തിനും വിദഗ്ദ്ധരായ പരിശീലകരെ ഏർപ്പാടാക്കുന്നതിനുമായി അധിക പണം കണ്ടെത്താനുമായി സംസ്ഥാന കായിക വികസന നിധി സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തു (ജൂൺ 2009).

ശിപാർശകളുടെ അടിസ്ഥാനത്തിൽ, 2010-2012 കാലയളവിൽ സംസ്ഥാന കായിക വികസന നിധി ആരംഭിക്കാനായി സർക്കാർ ഡി.എസ്. & വൈ.എ.യ്ക്ക് ₹ 1.25 കോടി രൂപ അനുവദിച്ചു. എന്നാൽ ഡി.എസ്. & വൈ.എ.യുടെ ട്രസ്റ്റ് ഡീഡിന്റെ നക്കൽ പൂർത്തിയാക്കാത്തതും സർക്കാർ ട്രസ്റ്റികളെ നിയമിക്കുന്നതിലെ കാലതാമസവും ട്രസ്റ്റ് ഡീഡിന്റെ രജിസ്ട്രേഷൻ നടത്താത്തതുകൊണ്ടും അനുവദിക്കപ്പെട്ട തുക ഉപയോഗിക്കുകയോ സംസ്ഥാന കായികവികസന നിധി രൂപീകരിക്കുകയോ ചെയ്തില്ല (2013 ഡിസംബർ). ആയതിനാൽ സംസ്ഥാന കായിക വികസന നിധി രൂപീകരണം മൂലമുദ്ദേശിച്ചിരുന്ന ഗുണഫലങ്ങൾ ആവശ്യമായ ബഡ്ജറ്റ് വിഹിതം വകുപ്പിന് ഉണ്ടായിരുന്നിട്ടും ഗുണഭോക്താക്കൾക്ക് ലഭിച്ചില്ല.

നികുതി വകുപ്പിൽ നിന്ന് ട്രസ്റ്റ് രജിസ്ട്രേഷനുള്ള നികുതി ഒഴിവാക്കലിന്റെ ഉത്തരവ് ലഭിച്ച് കഴിഞ്ഞാൽ നിധി രൂപീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (നവംബർ 2013).

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.]

13. കേരള സംസ്ഥാന കായിക വികസനനിധി രൂപീകരിച്ചത് 2017-ലാണെന്നും, വകുപ്പു മന്ത്രിയാണ് അദ്ധ്യക്ഷനെന്നും, നിധിയുടെ യോഗം ചേർന്നിട്ടുണ്ടെന്നും, എല്ലാ വർഷവും 1.25 കോടി രൂപ ടോക്കൺ പ്രൊവിഷനായി അനുവദിക്കാറുണ്ടെന്നും, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് പ്രൈവറ്റ് സെക്ടറിൽ നിന്നും പ്രസ്തുത കായിക വികസനനിധിയിലേക്ക് ചേർക്കുന്നതിന് ഈ വർഷമാണ് (2018) ഗവൺമെന്റ് തീരുമാനിച്ചതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. നികുതി വകുപ്പിൽ നിന്ന് ട്രസ്റ്റ് രജിസ്ട്രേഷനുള്ള നികുതി ഒഴിപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഒഴിവാക്കിയിട്ടില്ലായെന്നും തുടക്കത്തിൽ 40 ലക്ഷം രൂപയും പിന്നീട് 50 ലക്ഷത്തോളം രൂപയും അടച്ചതായും, ആകെ 1.3 കോടി രൂപ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ കൊടുക്കേണ്ടി വന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത ആഡിറ്റ് പരാമർശം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

14. സംസ്ഥാന കായിക സൗകര്യങ്ങളുടെ രൂപീകരിക്കലിനും നവീകരണത്തിനും, മികവുറ്റ കായികതാരങ്ങളുടെ വിദേശ പരിശീലനത്തിനും, പ്രത്യേകമായുള്ള വിദഗ്ദ്ധ പരിശീലകരെ നിയമിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള കായിക വികസനനിധിക്കായി 2010-2012-ലെ സംസ്ഥാന ബഡ്ജറ്റിൽ ₹ 1.25 കോടി വകയിരുത്തിയിട്ടും നാളിതുവരെ പ്രസ്തുത നിധി രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായികവികസന നിധി രൂപീകരണം സംബന്ധിക്കുന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

[സി.&എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.8]

**കായിക അടിസ്ഥാന സൗകര്യങ്ങൾ (2.3.8)**

കായിക ആക്ട് 2000 അനുസരിച്ച്, സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കെ.എസ്.എസ്.സി.യ്ക്കാണ്. ചില പ്രോജക്ടുകൾ കെ.എസ്.എസ്.സി/ഡി.എസ് & വൈ.എ.യുടെ ഭാഗികമായ സഹായത്തോടെ എൽ.എസ്.ജി.ഐ/ഡി.എസ്.സി. നടത്തണം, പ്രോജക്ടിന് ആവശ്യമായ ബാക്കി തുക എൽ.എസ്.ജി.ഐ/ഡി.എസ്.സി. കണ്ടെത്തുകയും ചെയ്യണം.

2000-2013 കാലഘട്ടത്തിൽ ആരംഭിച്ച ₹ 78.30 കോടിയുടെ 10 കായിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ **അനുബന്ധം III**-ൽ വിവരിക്കും വിധം ആവശ്യത്തിന് പണം ലഭ്യമായിരുന്നിട്ടും ജോലികൾ പുനഃക്രമീകരിക്കുന്നതിലെ കാലതാമസം, എസ്റ്റിമേറ്റുകളുടെ പുതുക്കൽ തുടങ്ങിയ കാരണങ്ങളാൽ ഇപ്പോഴും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിൽ മാത്രമാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. കെ.എസ്.എസ്.സി. നേരിട്ട് ഏറ്റെടുത്ത് നടത്തുന്ന 10 ജോലികളിൽ മൂന്ന് ജോലികൾ പൂർത്തിയായിട്ടില്ല (ഡിസംബർ 2013). 2000-ൽ തുടങ്ങിയ പിരപ്പൻകോട് നീന്തൽ സമുച്ചയത്തിന്റെ നിർമ്മാണത്തിൽ പ്രോജക്റ്റ് എസ്റ്റിമേറ്റ് ആയ ₹ 14.49 കോടിയുടെ സ്ഥാനത്ത് കെ.എസ്.എസ്.സി. ₹ 18.40 കോടി ചെലവഴിക്കുക വഴി (ഡിസംബർ 2013 വരെ) ₹ 3.91 കോടിയുടെ അധികചെലവും 13 വർഷത്തിലേറെയുള്ള സമയദൈർഘ്യത വരുകയും ചെയ്തു.

അവശേഷിക്കുന്ന ഏഴ് ജോലികളിൽ, കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി എൽ.എസ്.ജി.ഐ./ഡി.എസ്.സി.യ്ക്ക് ₹ 25.59 കോടിയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി. ഈ ജോലികൾ നടപ്പിലാക്കുന്ന ഏജൻസികൾക്ക് സാമ്പത്തിക സഹായം നൽകുമ്പോൾ സർക്കാർ/കെ.എസ്.എസ്.സി. പറഞ്ഞിരുന്നതെന്തെന്നാൽ സഹായം അനുവദിച്ച ഫണ്ടുകളിൽ ചുരുക്കമെന്നും അവശേഷിക്കുന്നത് എം.പി./എം.എൽ.എ. ഫണ്ട് അല്ലെങ്കിൽ സ്വന്തം സംഭാവന എന്നിവ പോലെയുള്ള ഉറവിടങ്ങളിൽ നിന്ന് കണ്ടെത്തണമെന്നുമാണ്. സഹായം കൊടുക്കുന്ന സമയത്ത് പ്രോജക്റ്റ് പൂർത്തിയാക്കാനാവശ്യമായ അധിക ഫണ്ട് സ്വരൂപിക്കാനുള്ള നടപ്പാക്കൽ ഏജൻസികളുടെ ക്ഷമത കെ.എസ്.എസ്.സി./ ഡി.എസ്.&.വൈ.എ. നിർണ്ണയിച്ചില്ല. എല്ലാ കേസുകളിലും അധിക ഫണ്ട് സ്വരൂപിക്കുന്നതിൽ നടപ്പാക്കൽ ഏജൻസികൾ പരാജയപ്പെടുകയും അധിക ഫണ്ടിനായി ഡി.എസ് & വൈ.യോട് ആവർത്തിച്ച് ആഭ്യർത്ഥിക്കുകയും ചെയ്തു. ഇത് ചില കേസുകളിൽ ഭാഗികമായി അനുവദിക്കപ്പെട്ടുവെങ്കിലും ജോലികൾ പൂർത്തിയാക്കാൻ പര്യാപ്തമായിരുന്നില്ല. അങ്ങനെ, ഫണ്ടിന്റെ അഭാവംമൂലം ഏഴ് ജോലികൾ നിലച്ച് പോവുകയും അതുവഴി ഈ ജോലികൾക്കായി വിട്ടുകൊടുത്ത ₹ 25.59 കോടി ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ പ്രസ്താവിച്ചതെന്തെന്നാൽ വകുപ്പിന് പരിമിതമായ ധനമാർഗ്ഗമേയുള്ളുവെന്നും ഇപ്പറഞ്ഞ പ്രോജക്ടുകൾക്കാവശ്യമുള്ള ബാക്കി തുക, ബാഹ്യ സ്രോതസ്സുകളായ എൽ.എസ്.ജി. ഐ., എം.എൽ.എ./എം.പി. ഫണ്ട് മുതലായവയിൽ നിന്ന് സമാഹരിക്കേണ്ടതും ആണെന്നാണ്.

അങ്ങനെ, മോശമായ സാമ്പത്തിക, പ്രോജക്റ്റ് മാനേജ്മെന്റ് കാരണം വിവിധ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിൽ കെ.എസ്.എസ്.സി./ഡി.എസ്..& വൈ.എ. പരാജയപ്പെട്ടു. ഇതുമൂലം ഉദ്ദേശിച്ച ഗുണഫലങ്ങൾ ലഭ്യമായില്ലയെന്നുമാത്രമല്ല പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസവും വർദ്ധിച്ച ചെലവും പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.]

15. കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ആരംഭിച്ചിട്ടുള്ള 10 പദ്ധതികളിൽ മൂന്നെണ്ണം മാത്രമെ പൂർത്തിയായിട്ടുള്ളുവെന്നാണ് സർക്കാർ മറുപടിയിൽ പറഞ്ഞിട്ടുള്ളതെന്നും ബാക്കി ഏഴ് പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലായെന്നും സമിതി ചൂണ്ടിക്കാട്ടി.

16. ആലപ്പുഴയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി ലഭിച്ച 18 കോടി രൂപ മുഴുവൻ ചെലവിട്ടെങ്കിലും, സ്റ്റേഡിയത്തിന്റെ ഗാലറി മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ എന്നും പണി പൂർത്തിയാക്കുവാൻ ഈ വർഷം കിഫ്ബിയിൽ പ്രോജക്ട് വച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിച്ച് ടെൻഡർ നടപടികളായിട്ടുണ്ടെന്നും ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ് അറിയിച്ചു.

17. 2000-2013 കാലഘട്ടത്തിൽ ആരംഭിച്ച 10 കായിക അടിസ്ഥാന സൗകര്യ പദ്ധതികളിൽ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ഉൾപ്പെടുത്താത്ത 7 പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

18. 2000-2013 കാലഘട്ടത്തിൽ ആരംഭിച്ച ₹ 78.30 കോടിയുടെ 10 കായിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾക്ക് ആവശ്യത്തിന് പണം ലഭ്യമായിരുന്നിട്ടും ജോലികൾ പുനഃക്രമീകരിക്കുന്നതിലെ കാലതാമസം, എസ്റ്റിമേറ്റുകളുടെ പുതുക്കൽ തുടങ്ങിയ കാരണങ്ങളാൽ അവയിലെ മൂന്നെണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്നും ബാക്കി പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വകുപ്പ് ലഭ്യമാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത കാലഘട്ടത്തിൽ ആരംഭിച്ച 10 കായിക അടിസ്ഥാന

സൗകര്യ പദ്ധതികളിൽ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ഉൾപ്പെടുത്താത്ത 7 പ്രോജക്റ്റുകളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

[സി & എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.9.1]

**കായികവികസന പദ്ധതികളുടെ നടപ്പാക്കൽ (2.3.9)**

*പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ (പി.വൈ.കെ.കെ.എ.) (2.3.9.1)*

ആവശ്യത്തിനുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഗ്രാമീണ യുവജനങ്ങളുടെ ഇടയിൽ സജീവമായ കായിക പരിശീലനത്തിനുള്ള ലക്ഷ്യത്തോടെ കെ.എസ്.എസ്.സി. സംസ്ഥാനത്ത് 2008 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.വൈ.കെ.കെ.എ. നടപ്പാക്കിവരുന്നു. 2008-2012 കാലയളവിൽ ഈ പദ്ധതി 400 ഗ്രാമപഞ്ചായത്തുകളിലും 60 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കേണ്ടതായിരുന്നു. ഈ പദ്ധതിക്കായി 2008-2013-ൽ ഭാരത സർക്കാരിൽ നിന്ന് കെ.എസ്.എസ്.സി. ₹ 24.68 കോടി സ്വീകരിക്കുകയും ₹ 17 കോടി ചെലവുചെയ്യുകയും ചെയ്തു. ഈ പദ്ധതി നടപ്പാക്കിയതിനെ പറ്റിയുള്ള ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്നവ വെളിപ്പെട്ടു.

- ₹ 9.82 കോടി രൂപ വിതരണം നടത്തിയത് 199 ഗ്രാമപഞ്ചായത്തുകൾക്കും 28 ബ്ലോക്ക് പഞ്ചായത്തുകൾക്കും മാത്രമായിരുന്നു. പദ്ധതി ഈ ജി.പി.യിലും ബി.പി. യിലും ഭാഗികമായി മാത്രമാണ് നടപ്പാക്കിയത്. ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന ഭൂരിഭാഗം ജി.പി.കളും രണ്ടാം ഗഡു ധനസഹായത്തിനായി മുന്നോട്ടു വരികയോ ചെലവിന്റെ വിവരണമോ ഉപയോഗ സർട്ടിഫിക്കറ്റോ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന് നൽകപ്പെട്ട രേഖകൾ സൂചിപ്പിച്ചത് ₹ 9.82 കോടി രൂപ അനുവദിച്ചതിനെതിരായി ഗുണഭോക്തൃ പഞ്ചായത്തുകൾ ₹ 1.44 കോടി രൂപയുടെ ഉപയോഗ സർട്ടിഫിക്കറ്റ് മാത്രമേ സമർപ്പിച്ചിരുന്നുള്ളൂ.
- ലാക്ഷണിക പരിശോധന നടത്തിയ 84 പഞ്ചായത്തുകളിൽ 47 പഞ്ചായത്തുകൾ മാത്രമാണ് അനുവദിക്കപ്പെട്ട ₹ 3.85 കോടി രൂപയിൽ ₹ 1.54 കോടി രൂപ ചെലവഴിച്ച് കളിക്കളങ്ങൾ നിർമ്മിക്കാനായി നൽകിയ ഒറ്റത്തവണ ഫലമായ മൂലധന സഹായം ഉപയോഗപ്പെടുത്തിയത്. കളിക്കളങ്ങളുടെ നിർമ്മാണത്തിന് ₹ 2.31 കോടി ഉപയോഗിച്ചില്ല എന്നു കാണാൻ സാധിച്ചു. എന്നാൽ വാർഷിക ഗ്രാമീണ മത്സരങ്ങൾക്കായി അനുവദിച്ച ₹ 1.64 കോടി ഉദ്ദേശിച്ചിരുന്ന കായിക കളിസ്ഥലങ്ങൾ നിർമ്മിക്കാതെ മുഴുവൻ തുക ഉപയോഗിക്കുകയും ചെയ്തു.

അങ്ങനെ, ആവശ്യത്തിന് കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെ യുവജനങ്ങളുടെ ഇടയിൽ സജീവ കായിക, പരിശീലനം പ്രോത്സാഹിപ്പിക്കാനുള്ള 2008-ൽ ആരംഭിച്ച പദ്ധതി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ഉദ്ദേശിച്ച പുരോഗതി കൈവരിച്ചില്ല. മാത്രമല്ല ആവശ്യത്തിന് അടിസ്ഥാന സൗകര്യമില്ലാതെ സംസ്ഥാനത്ത് വാർഷിക മത്സരങ്ങൾ നടത്തുകയും ചെയ്തു.

ഓഡിറ്റ് നിരീക്ഷണങ്ങൾ സർക്കാർ അംഗീകരിക്കുകയും പ്രോജക്റ്റുകളുടെ വിജയകരമായി നടപ്പാക്കലുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതികൾ രൂപീകരിക്കുന്നതിന് ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന സംസ്ഥാനതല എക്സിക്യൂട്ടീവ് സമിതി തീരുമാനിച്ചു (ഒക്ടോബർ 2013).

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം- II ആയി ചേർത്തിരിക്കുന്നു.]

19. 'പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി രാജീവ് ഗാന്ധി ഖേൽ അഭിയാൻ സ്കീം' എന്നാക്കി മാറ്റുകയും, ഈ സ്കീമുകളെല്ലാം സംയോജിപ്പിച്ച് 'ഖേലോ ഇൻഡ്യ' എന്നു ഒരു പുതിയ സ്കീം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെന്നും, അതിനുവേണ്ട മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുകയാണെന്നും, പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 'പി.വൈ.കെ.കെ.എ.'യ്ക്ക് അനുവദിച്ച ഫണ്ട് എങ്ങനെയാണ് ചെലവാക്കിയതെന്ന് സമിതി ആരാഞ്ഞതിന് അനുവദിച്ചതിൽ നാല് കോടി രൂപ ചെലവഴിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

20. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പഞ്ചായത്തുകളിൽ ഫണ്ട് നൽകിയിരിക്കുന്നത് തവണകളായിട്ടാണ്. ചില പഞ്ചായത്തുകളിൽ ആദ്യ ഗഡു കൊടുത്തിട്ടും പ്രവൃത്തി പൂർത്തീയാക്കി ഉപയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടെന്നും, ചിലപ്പോൾ പ്രവൃത്തി പോലും ആരും ഏറ്റെടുക്കാത്ത സാഹചര്യമുണ്ടെന്നും ഒരു പരിഹാരമെന്ന നിലയിൽ ഒരു സെൽ ആരംഭിച്ച് അത് പരിശോധിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും, ഒന്നോ രണ്ടോ ഉദ്യോഗസ്ഥരെ ഇതിനായി മാറ്റി നിർത്തേണ്ടി വരുമെന്നും കായികയുവജനകാര്യവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

21. ചെലവഴിക്കാത്ത നാല് കോടി രൂപ കെ.എസ്.എസ്.സി.യുടെ കൈവശമുണ്ടെന്നും, എന്നാൽ പഞ്ചായത്തുകളിൽ ചെലവാക്കിയ തുകയെക്കുറിച്ച് വകുപ്പിന് ഒരു ഗ്രാഹ്യവുമില്ലെന്ന് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടി. ഉപയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ട് തുക ചെലവാക്കിയിട്ടുണ്ടോ എന്ന് അറിയാൻ സാധിക്കുന്നില്ലെന്ന് കായികയുവജനകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

22. കേന്ദ്രസർക്കാരിൽ നിന്നും പദ്ധതികൾക്ക് അനുവദിക്കുന്ന തുക വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുമെങ്കിലും പദ്ധതി പൂർത്തീകരണം സംബന്ധിച്ചും, ഫണ്ടിന്റെ തിരിച്ചടവ് സംബന്ധിച്ചും മേൽനോട്ടം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളോ സൗകര്യങ്ങളോ വകുപ്പിനില്ലെന്ന് സമിതി വിലയിരുത്തി. പദ്ധതികളുടെ നടപ്പാക്കൽ സംബന്ധിച്ച് പഞ്ചായത്തുകൾ കൃത്യമായ മറുപടി സമർപ്പിക്കുന്നതിനായി കായികയുവജനകാര്യ വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു പഞ്ചായത്ത് ഡയറക്ടർ മുഖേന തുടർ നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

23. കായികവിനോദങ്ങൾക്ക് വേണ്ട വിധത്തിൽ പ്രാദേശികമായി ജനങ്ങളെ സഹകരിപ്പിക്കുന്നതിന് വകുപ്പിലെ ഇപ്പോഴത്തെ സംവിധാനങ്ങൾക്ക് ധാരാളം പരിമിതികളുണ്ടെന്നും പ്രാദേശികമായി പഞ്ചായത്തുകൾക്കുള്ള സംവിധാനങ്ങളെയും താല്പര്യങ്ങളെയും സാധ്യതകളെയും സംബന്ധിച്ച് സ്പോർട്സ് വകുപ്പ് പരിശോധിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. സ്ഥലപരിമിതിയുള്ള സാഹചര്യത്തിൽ രണ്ടോ മൂന്നോ പഞ്ചായത്തുകളെ ചേർത്തെടുത്താൽ സൗകര്യമുള്ളയിടങ്ങളുണ്ടാക്കാമെന്നും ഇക്കാര്യത്തിൽ പഞ്ചായത്തുകളെ ഏകോപിപ്പിക്കുന്നതിനായി ഫലപ്രദമായ ഒരു സംവിധാനം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. എന്നാൽ കായിക വകുപ്പിന് ഇത്തരം സംവിധാനമുണ്ടാകുക വളരെ പ്രയാസകരമാണെന്ന് വിലയിരുത്തിയ സമിതി കായിക വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തരമൊരു സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് വകുപ്പ് ആലോചിക്കണമെന്നും നിർദ്ദേശിച്ചു.

24. കായിക വകുപ്പിന് ജില്ലാതല ഓഫീസർമാരില്ല എന്നത് ഒരു പോരായ്മ ആണെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ജില്ലാതലത്തിൽ സ്പോർട്സ് കൗൺസിലുകളുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നിലവിൽ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം ശരിയായ രീതിയിലല്ല നടക്കുന്നതെന്നും, കായികവികസനത്തിനായുള്ള യാതൊരു പ്രവർത്തനങ്ങളും അവിടെ നടക്കുന്നില്ലെന്നും ആയതിനാൽ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു സംവിധാനം ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

25. കേന്ദ്രാവിഷ്കൃത പദ്ധതിയായ "പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ" ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി നേടാത്തതിന്റെ കാരണം ലക്ഷ്യമിട്ട എണ്ണം ഗ്രാമപഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന എപ്രകാരം പദ്ധതി നടപ്പാക്കണമെന്നത് സംബന്ധിച്ച് വകുപ്പിന് ഒരു രൂപരേഖയില്ലാതിരുന്നതുകൊണ്ടാണെന്ന്

സമിതി മനസ്സിലാക്കുന്നു. പദ്ധതികൾക്ക് അനുവദിക്കുന്ന തുക നിർവ്വഹണ ഏജൻസിയായ പഞ്ചായത്തുകൾക്ക് നൽകുമെങ്കിലും പദ്ധതി പൂർത്തീകരണം, ഫണ്ടിന്റെ തിരിച്ചടവ് തുടങ്ങിയവ സംബന്ധിച്ച് മേൽനോട്ടം നടത്തുന്നതിന് വകുപ്പിൽ സംവിധാനമില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നടപ്പാക്കൽ സംബന്ധിച്ച് കൃത്യമായ മേൽനോട്ടം നടത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് കായികയുവജനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 2008-13 കാലയളവിൽ പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്തുകൾ കൃത്യമായ മറുപടി നൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി വകുപ്പിനോട് ആവശ്യപ്പെടുന്നു.

26. കായിക വിനോദങ്ങൾക്ക് വേണ്ട വിധത്തിൽ പ്രാദേശികമായി ജനങ്ങളെ സഹകരിപ്പിക്കുന്നതിന് കായികയുവജനകാര്യ വകുപ്പിലെ നിലവിലുള്ള സംവിധാനങ്ങൾക്ക് ധാരാളം പരിമിതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കായികവിനോദ വികസനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും പ്രാദേശികമായി നിലവിലുള്ളതും പഞ്ചായത്തുകളുടെ അധീനതയിലുള്ളതുമായ സംവിധാനങ്ങളെയും സാധ്യതകളെയും സംബന്ധിച്ച് കായികയുവജനകാര്യ വകുപ്പ് പരിശോധിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സമീപപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകളെ സഹകരിപ്പിച്ച് അവിടുള്ള എല്ലാവർക്കും പ്രയോജനം ലഭിക്കുന്നരീതിയിൽ കായിക വിനോദത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനം കായികക്ഷേമ വകുപ്പ് ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം ശരിയായ വിധത്തിലല്ല നടക്കുന്നതെന്നും, കായിക വികസനത്തിനായുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ തലത്തിൽ ഒരു സംവിധാനം ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

[സി. &എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.9.2]

## സമ്പൂർണ്ണ കായിക ക്ഷമതാ പരിപാടി (റ്റി.വി.എഫ്.പി.) (2.3.9.2)

കേരളത്തിലെ സ്കൂളുകളിൽ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഏകോപിപ്പിക്കുന്നതിനായി സർക്കാർ നവംബർ 2007-ൽ ഒരു സമിതി

രൂപീകരിച്ചു. സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ കായികക്ഷമതാ സ്ഥിതി നിർണ്ണയിക്കുന്നതിനായി സർക്കാർ സമ്പൂർണ്ണ കായികക്ഷമതാ പരിപാടി അനുവദിച്ചു (ജനുവരി 2008). സ്കൂൾ തലത്തിൽ നടത്തിയ ആരോഗ്യ സംബന്ധമായ കായിക പരിശോധനാ ഫലങ്ങളിൽ 19.61 ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമാണ് ഏറ്റവും പരിമിതമായ നിർദ്ദിഷ്ട ആരോഗ്യ സംബന്ധമായ ശാരീരിക മാനദണ്ഡങ്ങൾ കാണുവാൻ സാധിച്ചത്. പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള കെ.എസ്.എസ്.സി., പരിശോധനകൾ നടപ്പാക്കുന്നതിനും ഡേറ്റാ അപ്‌ലോഡ് ചെയ്യാനുമായി 2008-2013-ൽ ₹ 1.41 കോടി ചെലവഴിച്ചു. വിദ്യാർത്ഥികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി സ്കൂളുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നത് സർക്കാർ അംഗീകരിക്കുകയും പാഠ്യക്രമം ശിപാർശ ചെയ്യാനായി എസ്. സി. ഇ. ആർ. റ്റി.-യ്ക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തു.

നാലുവർഷം കഴിഞ്ഞിട്ടും എസ്. സി. ഇ. ആർ. റ്റി. പാഠ്യപദ്ധതി അന്തിമമാക്കിയില്ല തദ്വാര സ്കൂൾ വിദ്യാർത്ഥികളിലെ കായികക്ഷമത മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.

സർക്കാർ പ്രസ്താവിച്ചതെന്തെന്നാൽ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്താനായി അധിക തസ്തികൾ സൃഷ്ടിക്കേണ്ടിവരുമെന്നും അധികം പണം ചെലവാക്കേണ്ടിവരുമെന്നുമാണ്. സംസ്ഥാനം മുഴുവൻ ശാരീരിക സുസ്ഥിതിയുള്ള ഒരു ജനതയെ മാറ്റിയെടുക്കാനും സ്കൂളുകളെ കായിക കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താനുമായ 'ആരോഗ്യത്തിനായി കളി' എന്നൊരു പുതിയ പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും (ഒക്ടോബർ 2013) പ്രസ്താവിക്കപ്പെട്ടു.

സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല കാരണം പദ്ധതി അംഗീകരിക്കുന്നതിനുമുമ്പ് അതിന്റെ സാമ്പത്തിക ബാദ്ധ്യത സർക്കാർ പരിഗണിക്കണമായിരുന്നു. കൂടാതെ മേൽപ്പറഞ്ഞ പ്രോജക്റ്റ് 25 സ്കൂളുകളിൽ മാത്രം നടപ്പാക്കുന്ന ഒരു പൈലറ്റ് പ്രോജക്റ്റ് മാത്രമാണ്. പദ്ധതിക്ക് പിന്നാലെ നീതീകരണവും ന്യായവും വ്യക്തമല്ല

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു ]

28. സമ്പൂർണ കായികക്ഷമതാ പരിപാടി 2008-ൽ ആരംഭിച്ചതാണെന്നും കരിക്കുലത്തിൽ സ്പോർട്സ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പരീക്ഷ നിർബന്ധമാക്കിയിട്ടില്ലെന്ന് കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. സ്കൂളുകളിൽ സ്പോർട്സ് പീരീഡ് നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും മൂല്യനിർണ്ണയമില്ലായെന്നൊരു പ്രശ്നമുണ്ടെന്ന് കായിക യുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

29. കായിക വിദ്യാഭ്യാസത്തിനുള്ള പാഠ്യക്രമം തയ്യാറാക്കുന്നതിനായി എസ്.സി.ഇ. ആർ.റ്റി. പ്രാപ്തമാണോയെന്നും സിലബസ് അന്തിമമാക്കിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു.സിലബസ് അന്തിമമാക്കിയിട്ടില്ലെന്നും കായിക പരിശീലനം നിർബന്ധമാക്കണമെന്ന്

നൽകിയിരുന്ന ശിപാർശ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കായിക വിദ്യാഭ്യാസത്തിനായി ഒരു കരിക്കുലം തയ്യാറാക്കിത്തരണമെന്ന് കായികവകുപ്പ് എസ്.സി.ഇ.ആർ.ടി.യോട് ആവശ്യപ്പെട്ടിരുന്നത് തയ്യാറാക്കി തന്നിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, കരിക്കുലം തയ്യാറാക്കി തന്നിട്ടില്ലെന്നും, പ്രോജക്റ്റ് ചെയ്യുന്നത് പൊതു വിദ്യാഭ്യാസ വകുപ്പാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

30. കുട്ടികളുടെ കായിക അഭിരുചി വളർത്തുന്നതിന് ഫലപ്രദമായ സംവിധാനങ്ങളുണ്ടാകണമെന്നും, ഒരു സ്കൂളിന്റെ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുമായും സർക്കാർ സംവിധാനങ്ങളുമായും കായിക വകുപ്പിന് കൃത്യമായ ഏകോപനമുണ്ടാകണമെന്നും, കേരളത്തിലെ സ്കൂൾ കായിക മേളകളിൽ മിക്കവാറും വിജയികളാകുന്നത് എറണാകുളം ജില്ലയിലെ കോതമംഗലം മേഖല, കോട്ടയം ജില്ലയിലെ മുണ്ടക്കയം മേഖല, പാലക്കാട് ജില്ലയിലെ വനാതിർത്തിയിലുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികളാണെന്നും, അവിടത്തെ കുട്ടികൾ കൂടുതൽ ദൂരം നടന്നാണ് സ്കൂളിൽ പോകുന്നതിനാലാകാം അവർക്ക് കായികക്ഷമത കൂടുതലുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി. ഇവർക്കിടയിലെ കായികപ്രതിഭയുള്ള കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകിയാൽ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും മികച്ച വിജയങ്ങൾ കൈവരിക്കാനുള്ള സാധ്യതയുണ്ടെന്നും, ചൈനയിൽ ഒളിമ്പിക്സിനായി കുട്ടികളെ പരിശീലിപ്പിച്ചതു പോലെയുള്ള സൗകര്യങ്ങൾ കുട്ടികൾക്ക് കൊടുക്കുന്നതിനായുള്ള ഒരു സ്കീം തയ്യാറാക്കണമെന്നും, അതിനായി കേന്ദ്രസഹായം ആവശ്യപ്പെടാവുന്നതാണെന്നും ഇത്തരമൊരു പ്രൊജക്റ്റ് വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് പൊതുജനങ്ങളുടെകൂടി സഹായത്തോടെ കൊണ്ടുവരുന്ന കാര്യം ആലോചിക്കണമെന്നും, വലിയ കമ്പനികളെക്കൊണ്ട് സ്കൂളുകളെ ദത്തെടുപ്പിക്കുന്ന പ്രോജക്റ്റിനെകുറിച്ചും കായികവകുപ്പ് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

31. ചൈനയുടെ ഒളിംമ്പിക്സ് വിജയത്തിന് കാരണം അവരുടെ ടാലന്റ് ഹണ്ട് പ്രൊസസ്സാണെന്നും അതിലൂടെ അവർ എല്ലാ കുട്ടികളുടെയും കഴിവുകളെ വിലയിരുത്തുകയും ഇത്തരം കഴിവുകളെ വിലയിരുത്തുന്നതിനായി എല്ലാ കുട്ടികളിലും ഫിസിക്കൽ ടെസ്റ്റ് നടത്തുകയും മസിൽ ബയോപ്സി എടുക്കുകയും അപ്രകാരം ശാസ്ത്രീയമായി കുട്ടികളുടെ കഴിവുകളെ കണ്ടെത്തുവാൻ ശ്രമിക്കുന്നുവെന്നും വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്രസ്തുത മോഡൽ ഇവിടെയും നടപ്പിലാക്കാൻ പോകുകയാണെന്നും കുട്ടികളുടെ സമഗ്രമായ ഒരു ഫിസിക്കൽ ടെസ്റ്റ് നടത്തി നല്ല കഴിവുള്ളവരെ കണ്ടെത്താൻ കഴിയുമെന്നും, അത്തരത്തിൽ ഒരു ടെസ്റ്റ് സിസ്റ്റം തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും, അതുസംബന്ധിച്ച ചർച്ച സംസ്ഥാന തലത്തിൽ നടന്നു കഴിഞ്ഞതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

32. 'ആരോഗ്യത്തിനായി കളി' എന്ന പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് 2015 മുതൽ 13 സ്കൂളുകളിൽ ആരോഗ്യത്തിനായി കളി എന്ന പ്രോഗ്രാം ആരംഭിച്ചതായും ഈ വർഷം 25 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ചെന്നും, ഡയറക്ടർ കായികയുവജനകാര്യ വകുപ്പ് സമിതിയെ അറിയിച്ചു. 2015-ൽ നിലവിൽ വന്ന പ്രോജക്ട് 25 സ്കൂളുകളിൽ മാത്രം നടപ്പിലാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇപ്പോൾ 43 സ്കൂളുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പദ്ധതി എത്ര സ്കൂളുകളിൽ നടപ്പാക്കി എന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

33. കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടുപിടിച്ച് അവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങളും പരിശീലനവും നൽകിയാൽ സ്പോർട്സ് മേഖലയിൽ അവർക്ക് മികച്ച സംഭാവന നൽകുവാൻ കഴിയുമെന്ന് ബെയ്ജിംഗ് ഒളിംപിക്സിൽ തദ്ദേശീയരായ ചൈനീസ് കുട്ടികൾ കാഴ്ചവച്ച മികച്ച പ്രകടനം ചൂണ്ടിക്കാട്ടി സമിതി അഭിപ്രായപ്പെട്ടു. ജീവിതരീതികൊണ്ട് വനാതിർത്തിയിലുള്ള സ്കൂളുകളിലെ കുട്ടികൾ കായികക്ഷമതയിൽ മുൻപിൽ നിൽക്കുന്നതിനാൽ കായിക പ്രതിഭയുള്ള അത്തരം കുട്ടികൾക്ക് മികച്ച പരിശീലനം നൽകിയാൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കൂടുതൽ വിജയങ്ങൾ കൈവരിക്കാനുള്ള സാധ്യതയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ കണ്ടുപിടിച്ച് സ്പോർട്സ് പരിശീലനത്തോടൊപ്പം വിദ്യാഭ്യാസവും നൽകി മികച്ച സ്പോർട്സ് താരങ്ങളാക്കാനുള്ള പദ്ധതി പൊതുവിദ്യാഭ്യാസവകുപ്പുമായി ചേർന്ന് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ചെറുപ്രായത്തിൽ തന്നെ ഓരോ സ്കൂൾ കുട്ടിയുടേയും കായികക്ഷമത വിവിധ ടെസ്റ്റുകൾ നടത്തി ശാസ്ത്രീയമായി വിലയിരുത്തി ഓരോരുത്തർക്കും ഇണങ്ങുന്ന സ്പോർട്സ് ഇനം കണ്ടെത്തി അതിൽ പരിശീലനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കണമെന്നും ആയതിന് കേന്ദ്രസഹായം ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതൊരു ചെലവേറിയ ദീർഘകാല പദ്ധതി ആണെന്നതിനാൽ സർക്കാർ ധനസഹായത്തിൽ മാത്രം ഒതുക്കി നിർത്താതെ വിവിധ പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ സാമ്പത്തിക സഹായം തേടാവുന്നതും ഇതിനായി സ്കൂളുകളെ തന്നെ ദത്തെടുക്കുന്ന രീതിയിലുള്ള പദ്ധതി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ സ്വാധീനശക്തി കൂടിവരുന്ന ഈ കാലഘട്ടത്തിൽ അവരുടെ ഊർജ്ജം ശരിയായ ദിശയിൽ തിരിച്ചുവിടുന്നതിനും പാഠ്യപദ്ധതിയുടെ സമ്മർദ്ദം കുറയ്ക്കുന്നതിനും സ്പോർട്സ് സഹായകരമാകുമെന്ന് സമിതി

വിലയിരുത്തുന്നു. ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി സ്കൂൾ പാഠ്യ പദ്ധതിയിൽ കായിക പരിശീലനം ഉൾപ്പെടുത്തുന്നത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സ്കൂൾ പാഠ്യപദ്ധതിയിൽ കായികപരിശീലനം ഒരു നിർബന്ധ വിഷയമാക്കി ഉൾപ്പെടുത്തി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണമെന്നും ആയത് അടിയന്തരമായി തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. 'ആരോഗ്യത്തിനായി കളി' എന്ന പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

[സി&എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.10.1]

**കായിക സ്ഥാപനങ്ങൾ (2.3.10)**

**കായിക ഹോസ്റ്റലുകൾ (2.3.10.1)**

കഴിവുള്ള കായികതാരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വളർത്താനും വിവിധ തലങ്ങളിൽ പ്രത്യേക പരിശീലനം നൽകാനുമായി സംസ്ഥാനത്ത് 23 കേന്ദ്രീകൃത ഹോസ്റ്റലുകൾ കെ.എസ്.എസ്.സി. നേരിട്ട് നടത്തുന്നു. കൂടാതെ സംസ്ഥാനത്തെ 13 സ്കൂൾ ഹോസ്റ്റലുകളിലും 33 കോളേജ് ഹോസ്റ്റലുകളിലും കെ.എസ്.എസ്.സി. സ്പോൺസർ ചെയ്യുന്ന വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു. 2008-2013-ൽ സ്കൂൾ ഹോസ്റ്റലുകളും കോളേജ് ഹോസ്റ്റലുകളും ഉൾപ്പെടെ കേന്ദ്രീകൃത ഹോസ്റ്റലുകളിൽ പ്രവേശിപ്പിച്ച വിദ്യാർത്ഥികളുടെ ചെലവിലേയ്ക്കായി കെ.എസ്.എസ്.സി. ₹ 20.32 കോടി ചെലവഴിച്ചു.

2008-2013 കാലയളവിൽ, വർഷംതോറും ശരാശരി 715 വിദ്യാർത്ഥികളെ സി.എസ്.എച്ച്.-കളിലും 693 വിദ്യാർത്ഥികളെ സ്കൂൾ/കോളേജ് ഹോസ്റ്റലുകളിലുമായി പരിശീലിപ്പിച്ചു. മേൽപ്പറഞ്ഞ വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ സി.എസ്.എച്ച് കളിൽ 47 പരിശീലകരും സ്കൂൾ/കോളേജ് ഹോസ്റ്റലുകളിൽ 55 പരിശീലകരും ഉണ്ടായിരുന്നു. 23 സി.എസ്.എച്ച്.-കളിലെ 20 സി.എസ്.എച്ച്.-കളിലെ വിദ്യാർത്ഥികളും 33 കോളേജ് ഹോസ്റ്റലുകളിലെ 21 കോളേജ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളും കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ദേശീയ/സംസ്ഥാന ചാംപ്യൻഷിപ്പുകളിൽ മെഡലുകൾ നേടി.

രേഖകളുടെ പരിശോധന വെളിപ്പെടുത്തിയത് 23 സി.എസ്.എച്ച്.-കളിൽ 14 എണ്ണവും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു എന്നാണ്. കെ.എസ്.എസ്.സി.-യ്ക്ക് സ്വന്തമായുള്ള രണ്ട് ഹോസ്റ്റലുകളിലും വാടകകെട്ടിടങ്ങളിലുള്ള മൂന്ന് ഹോസ്റ്റലുകളിലും നടത്തിയ ലാക്ഷണിക പരിശോധനയിൽ ഈ[4] ഹോസ്റ്റലുകളിൽ ആവശ്യത്തിന് കിടക്കകൾ

---

4 സി.എസ്.എച്ച്. കക്കട്ടിൽ, സി.എസ്.എച്ച് കോട്ടയം, സി.എസ്.എച്ച് കോഴിക്കോട്, സി.എസ്.എച്ച് നിറമരുതൂ, സി.എസ്.എച്ച് തിരുവനന്തപുരം.

ഇല്ലായിരുന്നുവെന്നും പാചക സൗകര്യങ്ങൾ കുറവായിരുന്നുവെന്നും വായുസഞ്ചാരം കുറവായിരുന്നുവെന്നും മുറികളിൽ അമിത തിരക്കായിരുന്നുവെന്നും കണ്ടെത്തി. ലാക്ഷണിക പരിശോധന നടത്തിയ ഹോസ്റ്റലുകളിൽ ഒരിടത്ത് 192 ചതുരശ്ര അടി വീതം വിസ്താരമുള്ള രണ്ടു കിടപ്പുമുറികളിലായി 14 കിടക്കകളിൽ 19 വിദ്യാർത്ഥികളെ പാർപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. കായിക ഹോസ്റ്റലുകളിൽ ലഭ്യമാക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ചുള്ള ഒരു മാനദണ്ഡവും കെ.എസ്.എസ്.സി.-യ്ക്ക് ഉണ്ടായിരുന്നില്ല.

ധനദൗർലഭ്യം നിമിത്തം വാടക കെട്ടിടങ്ങളിൽ കായിക ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നത് കുറെ വർഷങ്ങൾ കൂടി തുടരുമെന്നും ദേശീയ ഗെയിംസ് പൂർത്തിയാകുമ്പോൾ ദേശീയ ഗെയിംസ് ഗ്രാമത്തിലെ ഉപേക്ഷിക്കപ്പെടുന്ന മുൻകൂർ തയ്യാറാക്കിയ താമസ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കായിക ഹോസ്റ്റലുകൾ നിർമ്മിക്കാനായി പദ്ധതി നടപ്പാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു. (2013 നവംബർ)

ധനദൗർലഭ്യം കാരണം ആവശ്യമുള്ളത്ര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാൻ പറ്റുന്നില്ല എന്നുള്ള മറുപടി സ്വീകാര്യമല്ല, കാരണം വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിൽ വരുന്ന പോരായ്മയും വിവിധ സ്കീമുകളിൽ ലഭ്യമായ വിഭവങ്ങൾ വളരെ കുറഞ്ഞ അളവിൽ വീതിച്ചു കൊടുക്കുന്നതുമൂലവും ഖണ്ഡിക 2.3.8-ൽ നേരത്തെ പ്രസ്താവിച്ച പ്രകാരം നിരവധി പ്രോജക്ടുകൾ പൂർത്തിയാകാനാവാതെ കിടക്കുന്നു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

37. സ്പോർട്സ് കൗൺസിലിന് നിലവിൽ 29 ജില്ലാ സ്പോർട്സ് അക്കാദമികളും, 54 കോളേജ് ഹോസ്റ്റലുകളും, 25 സ്കൂൾ ഹോസ്റ്റലുകളുമാണുള്ളത്, 3400 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്നുണ്ടെന്നും, സ്വന്തമായി കെട്ടിടമില്ലാത്തതു കൊണ്ട് വാടക കെട്ടിടങ്ങളിലാണ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതെന്നും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമീപത്തില്ലാത്തതുകൊണ്ട് കുട്ടികൾ വരാൻ താല്പര്യം കാണിക്കുന്നില്ലെന്നും, എന്നാൽ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളയിടങ്ങളിൽ മികച്ച കായിക സൗകര്യങ്ങൾ ഉണ്ടാകണമെന്നില്ലെന്നും, ആയതിനാൽ നാഷണൽ ഗെയിംസിനായി തയ്യാറാക്കിയ സംവിധാനങ്ങളുടെ ഭാഗമായുള്ള സ്പോർട്സ് ഗ്രാമത്തിൽ തന്നെ നല്ല ഡോർമെറ്ററി പണിയുന്ന കാര്യം പരിഗണിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അപ്പോഴും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമീപത്തുണ്ടോ എന്നുള്ള പ്രശ്നം വരുമല്ലോ എന്ന് സമിതി ആരാഞ്ഞതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്പോർട്ടിംഗ് ഫെസിലിറ്റിയുമുള്ള സ്ഥലങ്ങളിലാണ് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ രണ്ടുമില്ല എന്ന പ്രശ്നമുണ്ടെന്നും, പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വാടകക്കെട്ടിടങ്ങൾ ഒഴിവാക്കി സ്വന്തമായി കെട്ടിടങ്ങൾ പണിയുന്നതിന് എന്തെങ്കിലും സ്കീം വകുപ്പ് പ്ലാൻ ചെയ്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് സ്വന്തമായി സ്ഥലമുള്ളിടത്ത് സൗകര്യങ്ങളുടെ അഭാവമുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ ഒരു പ്രോജക്റ്റ് സമർപ്പിക്കാൻ പോകുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. നാഷണൽ ഗെയിംസിനുവേണ്ടി പണിത പല സ്ഥലങ്ങളിലും കായിക താരങ്ങളെ താമസിപ്പിക്കുന്നതിന് സൗകര്യമുള്ളതാകാമെന്നും അവയെ സ്പോർട്സ് ഹോസ്റ്റലാക്കി മാറ്റാൻ കഴിയില്ലേ എന്നും സമിതി ആരാഞ്ഞു. മിക്കവാറും സ്ഥലങ്ങളിലും താമസത്തിന് മാത്രമായി കെട്ടിടം ചെയ്തിരുന്നില്ലെന്നും, താമസം പുറത്ത് സൗകര്യമേർപ്പെടുത്തുകയോ താൽക്കാലിക സൗകര്യങ്ങളൊരുക്കുകയോ ആണ് ചെയ്തിട്ടുള്ളതെന്നും, കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ദേശീയതല മത്സരങ്ങൾ ഇവിടെ നടത്താൻ കഴിയാത്തത് താമസസൗകര്യങ്ങളുടെ അപര്യാപ്തത മൂലമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നാഷണൽ ഗെയിംസ് നടക്കുമ്പോൾ കായികതാരങ്ങളെ ഹോട്ടലുകളിലും ഗെയിംസ് വില്ലേജുകളിലുമായിട്ടാണ് താമസിപ്പിച്ചിരുന്നതെന്നും ഗെയിംസ് വില്ലേജുകൾ പ്രിഫാബ് സ്ട്രക്ചറുകൾ ആയിരുന്നെന്നും പിന്നീട് അവ പൊളിയ്ക്കുകയുണ്ടായെന്നും അതിൽ 8 എണ്ണം ഉണ്ടുകാടിൽ സ്ഥാപിച്ചുവെന്നും അത് താമസത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും, ഇതുപോലെയുള്ള പ്രീ-ഫാബ് ഉപയോഗിച്ച് ആർച്ചറി അക്കാദമി പ്രവർത്തിക്കുന്നുണ്ടെന്നും കൊല്ലത്തെ ഹോക്കി സ്റ്റേഡിയത്തിൽ സ്ഥാപിച്ചിട്ടുള്ള 10 പ്രീ-ഫാബ് സ്ട്രക്ചറുകൾ പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ടെന്നും, കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. സ്പോർട്സ് ഹോസ്റ്റലിനുവേണ്ടി കിഫ്ബിയിൽ എന്തെങ്കിലും പ്രൊജക്റ്റ് കൊടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രൊജക്റ്റ് കൊടുത്തിട്ടില്ല എന്ന് ഡയറക്ടർ മറുപടി നൽകി. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർക്ക് താമസിക്കാനുള്ള ഡോർമിറ്ററി നിർമ്മിച്ചുനൽകുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

38. നാഷണൽ ഗെയിംസ് നടന്ന സ്ഥലങ്ങളിൽ കായികയുവജനകാര്യ വകുപ്പിന് എന്തെങ്കിലും നിയന്ത്രണമുണ്ടായിരുന്നോ, എന്ന് സമിതി ആരാഞ്ഞതിന് ചില സ്ഥലങ്ങളിൽ വകുപ്പിന്റെ നിയന്ത്രണമുണ്ടായിരുന്നെന്നും, ചില സ്ഥലങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെയും സ്വകാര്യ ട്രസ്റ്റുകളുടെയും ക്ലബ്ബുകളുടെയും പോലീസ് വകുപ്പിന്റെയും നിയന്ത്രണത്തിലാണ് നാഷണൽ ഗെയിംസ് നടന്നതെന്നും, കായികയുവജനകാര്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ മാത്രമാണ് വകുപ്പിന്റെ നിയന്ത്രണമുണ്ടായിരുന്നതെന്നും, ഡയറക്ടർ സമിതിയെ അറിയിച്ചു ഇപ്പോൾ ചില പ്രമുഖ കോളേജുകൾക്ക് മാത്രമാണ് സ്വന്തമായി സ്പോർട്സ് ഹോസ്റ്റലുകളുള്ളതെന്നും, ആയതിനാൽ സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

39. സംസ്ഥാനത്ത് ചില പ്രമുഖ കോളേജുകൾക്ക് മാത്രമാണ് സ്വന്തമായി സ്പോർട്സ് ഹോസ്റ്റലുകൾ ഉള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കഴിവുറ്റ കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ മികവുറ്റ പരിശീലനം കുട്ടികൾക്ക് നൽകുന്നതിന് പര്യാപ്തമാകുന്ന തരത്തിൽ അവർക്ക് താമസ സൗകര്യം നൽകുന്നതിന് സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണത്തിൽ കായിക യുവജനകാര്യ വകുപ്പ് മുൻഗണന നൽകണമെന്ന് സമിതി നിർദ്ദേശം നൽകുന്നു.

[സി.&എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.10.2]

## ഹൈ ആൾട്ടിട്യൂട് പരിശീലന കേന്ദ്രം, മൂന്നാർ (എച്ച്.എ.ടി.സി.) (2.3.10.2)

ഹൈ ആൾട്ടിട്യൂട് പരിശീലന കേന്ദ്രം ജൂലൈ 2009-ൽ പ്രവർത്തനം ആരംഭിക്കുകയും ഫുട്ബോൾ താരങ്ങളുടെ സ്ഥിരം പരിശീലനം 2009-10 വർഷത്തിൽ ആരംഭിക്കുകയും ചെയ്തു. പരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികളെ എടുത്തത് താഴെ വിവരിക്കും പ്രകാരം ആയിരുന്നു.

എച്ച്.എ.ടി.സി., മൂന്നാറിൽ വിദ്യാർത്ഥികളെ എടുത്തതിന്റെ വിവരണം

| വിവരണം | വർഷം | | | |
|---|---|---|---|---|
| | 2009-10 | 2010-11 | 2011-12 | 2012-13 |
| പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം | 19 | 31 | 24 | 7 |
| വർഷാവസാനമുള്ള വിദ്യാർത്ഥികളുടെ എണ്ണം | 14 | 22 | 14 | 7 |
| കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ എണ്ണം | 5 | 9 | 10 | ഇല്ല |

ഉറവിടം : കെ.എസ്.എസ്.സി. ലഭ്യമാക്കിയ കണക്കുകൾ

ഓഡിറ്റ് ശ്രദ്ധിച്ചതെന്തെന്നാൽ 2010-11-ൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണമായ 31-ൽ നിന്ന് 2012-13 ഏഴിലേയ്ക്ക് കുറഞ്ഞു എന്നതാണ്. അങ്ങനെ 5.45 കോടി രൂപ ചെലവിട്ട് സ്ഥാപിച്ച കേന്ദ്രം ഉദ്ദേശിച്ച ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുകയും നിർമ്മിച്ച കായിക അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗവും ഉപയോഗിക്കപ്പെടാതെ കിടക്കുകയും ചെയ്തു.

ഉയർന്ന നിരക്കിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിനു കാരണമായി വകുപ്പ് ചൂണ്ടിക്കാട്ടിയത് കൊടിയ തണുപ്പ് കാലാവസ്ഥയും സമീപത്തെങ്ങും കോളേജ്, ഹയർ സെക്കന്ററി സ്കൂൾ പോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നതുമാണ്. കെ.എസ്.എസ്.സി. സെക്രട്ടറി ഓഡിറ്റ് കണ്ടെത്തലുകൾ ശരിവയ്ക്കുകയും ഹ്രസ്വകാല പ്രത്യേക പരിശീലനങ്ങൾക്കായി കേന്ദ്രത്തെ ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

ഉയർന്ന നിരക്കിലുള്ള കൊഴിഞ്ഞുപോക്കലിന് വകുപ്പ് നൽകിയ മറുപടി സ്വീകാര്യമല്ല. കാരണം കേന്ദ്രം സ്ഥാപിക്കുന്ന സമയത്ത് തന്നെ ഈ സാഹചര്യങ്ങൾ അറിവുള്ളതായിരുന്നു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

40. മൂന്നാറിലെ ട്രെയിനിംഗ് സെന്ററിൽ നിന്ന് ധാരാളം കുട്ടികൾ ഇടയ്ക്ക് വച്ച് പരിശീലനം നിർത്തിപ്പോകുന്നുണ്ടെന്നും, ഇടുക്കിയിലുള്ള കുട്ടികൾ ഒഴികെ മറ്റ് ജില്ലകളിൽ നിന്നും വരുന്ന കുട്ടികൾ അവിടെ നിൽക്കാറില്ലെന്നും, നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൊട്ടടുത്തില്ലാത്തതും ഇടയ്ക്ക് വച്ച് നിർത്തിപ്പോകുന്നതിന് ഒരു പ്രധാന കാരണമാണെന്നും, നിലവിൽ 14 കുട്ടികൾ ഉണ്ടെന്നും, ഒറ്റപ്പെട്ട സ്ഥലമാണെന്ന തോന്നൽ കുട്ടികൾക്കുണ്ടെന്നും നഗരത്തിലെ നല്ല സ്കൂളുകളിൽ കൊണ്ടുപോകണമെന്ന് രക്ഷാകർത്താക്കൾ അഭിപ്രായപ്പെടുന്നുവെന്നും, ഡയറക്ടർ സമിതിയെ അറിയിച്ചു.

41. മൂന്നാറിലെ സ്പോർട്സ് സ്കൂളിൽ വന്ന് കുട്ടികൾ പഠിക്കണമെങ്കിൽ അതിന്റേതായ പ്രയോജനം അവർക്ക് കിട്ടണമെന്നും, എം.ബി.ബി.എസ്. പോലുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ ലഭിക്കുന്നതിന് പ്രസ്തുത പഠനം സഹായകരമാകുമെങ്കിൽ രക്ഷിതാക്കൾ കുട്ടികളെ അയയ്ക്കുമെന്നും ഒരു സ്പോർട്സ് സ്കൂളിലെ പഠനം വിജയകരമായി പൂർത്തിയാക്കിയാൽ അവർക്ക് ജോലി കിട്ടുമെന്ന് ഉറപ്പാണെങ്കിൽ അവർ പഠനം തുടരുന്നതിന് താത്പര്യം കാണിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. കായികവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ഒരു കുട്ടിക്കുപോലും ആയതിൽ തുടർന്ന് പോകുന്നതിനുള്ള മാനസികാവസ്ഥയില്ലെന്നും, അതുകൂടി സൃഷ്ടിച്ചാലേ കുട്ടികൾ ഇടയ്ക്കുവച്ച് നിർത്തിപ്പോകുന്നത് തടയാൻ സാധിക്കുകയുള്ളൂ എന്നും, വകുപ്പ് ഇത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണെന്നും എല്ലാ മേഖലയിലെയും കുട്ടികൾ വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും, ആ വെല്ലുവിളികളെ വളരെ ബുദ്ധിമുട്ടനുഭവിച്ച് തരണം ചെയ്ത് പഠിക്കുന്നതുകൊണ്ട് ഫലമുണ്ടെന്ന് തോന്നിയാൽ കുട്ടികൾ വിമുഖത കാട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

42. മൂന്നാറിലെ ട്രെയിനിംഗ് സെന്ററിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും, അവിടെ പരിശീലനം നേടുന്ന കുട്ടികളുടെ ശാരീരികക്ഷമത വളരെ കൂടുതലായിരിക്കുമെന്നും,

അതനുസരിച്ച് അവരുടെ പ്രകടനത്തിൽ മികവ് ഉണ്ടാകുമെന്നും, പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ദീർഘകാല പരിശീലനം നടത്തിയാൽ മാത്രമെ ശാരീരികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു. ഒരു മാസം ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ താമസിക്കുകയാണെങ്കിൽ ഹീമോഗ്ലോബിന്റെ അളവ് ഏകദേശം രണ്ട് ഗ്രാം വരെ വർദ്ധിക്കുമെന്നും, പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. കുട്ടികൾ ഇല്ലാത്തതിനാൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഇൻസെന്റീവ് ലഭിക്കുന്നില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു. വകുപ്പ് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും സൗകര്യങ്ങളുടെ അപര്യാപ്തത മനസ്സിലാക്കുന്നതിന് മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് സെന്റർ സന്ദർശിക്കുന്നത് ഉചിതമാണെന്നും സമിതി അഭിപ്രായപ്പെട്ടു. മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂട് പരിശീലന കേന്ദ്രത്തിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

43. മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂട് പരിശീലന കേന്ദ്രത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കായികവകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

[സി.&എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.10.3]

### വയനാട്ടിലെ അമ്പെയ്ത്ത് പഠനകേന്ദ്രം (2.3.10.3)

സംസ്ഥാനത്തെ വളരെ സമർത്ഥരായ അമ്പെയ്ത്തുകാർക്ക് ശരിയായ പരിശീലനവും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വയനാട് ജില്ലയിൽ ₹ 50 ലക്ഷം മുതൽ മുടക്കിൽ അമ്പെയ്ത്ത് പഠനകേന്ദ്രം സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകി (ജൂൺ 2012). പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാനും ജോലി നിർവ്വഹിക്കാനും എൻ.ജി.എസ്.-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എൻ. ജി. എസ്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (ഒക്ടോബർ 2013). ഓഡിറ്റിന് നൽകിയ രേഖകൾ വെളിപ്പെടുത്തിയതെന്തെന്നാൽ അമ്പെയ്ത്ത് പഠനകേന്ദ്രത്തിനുള്ള സ്ഥലം തദ്ദേശസ്വയംഭരണ വകുപ്പ് ജനുവരി 2010-ൽ കൈമാറിയത് മൂന്ന് വർഷത്തിനുള്ളിൽ സ്ഥലം ഉപയോഗപ്പെടുത്തണമെന്നുള്ള വ്യവസ്ഥയോടെയായിരുന്നെന്നും അല്ലാത്തപക്ഷം സ്ഥലത്തിന്റെ അവകാശം സ്വാഭാവികമായി സ്ഥലത്തെ പഞ്ചായത്തിൽ നിക്ഷിപ്തമാകുമെന്നുമാണ് സർക്കാരിന്റെ ഭരണാനുമതി ലഭിക്കാനുള്ള താമസത്തിന്റെ കാരണം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ പറ്റിയ വ്യക്തിയെ കിട്ടാതിരുന്നതുമൂലം പ്രോജക്റ്റ് ഏറ്റെടുക്കുന്നതിൽ ഡി.എസ്. & വൈ. എ.-യ്ക്ക് ഉണ്ടായ

പരാജയവും വിഭവങ്ങളുടെ ദൗർലഭ്യം ആവശ്യത്തിനുള്ള ഫീൽഡ് സ്റ്റാഫുകളുടെ കുറവ് തുടങ്ങിയവ ആയിരുന്നു. തന്മൂലം ജോലി പൂർത്തിയാകാതിരിക്കുന്നതിനും കഴിവുള്ള അമ്പെയ്ത്തുകാരെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യം കൈവരിക്കാതിരിക്കുന്നതിനും ഇടവന്നു.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

44. വയനാട്ടിലെ ആർച്ചറി അക്കാദമിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ആർച്ചറി അക്കാദമിക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച ഭൂമി ഏറ്റെടുത്തെന്നും, പതിനൊന്ന് പ്രീ-ഫാബ് യൂണിറ്റുകൾ സ്ഥാപിച്ചതായും ഹോസ്റ്റൽ പ്രവർത്തനയോഗ്യമാണെന്നും 14 കോളേജ് വിദ്യാർത്ഥികളും 15 സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പെടെ ഇരുപത്തിയൊൻപത് കുട്ടികൾ അവിടെ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണെന്നും, കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. വയനാട്ടിലെ അമ്പെയ്ത്ത് പഠനകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

45. വയനാട്ടിലെ അമ്പെയ്ത്ത് പഠനകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

[സി&എ.ജി.യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.11.1 -2.3.11.2]

## 35-ാം ദേശീയ ഗെയിംസ് - കേരളം (2.3.11)

ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (ഐ.ഒ.എ.) 35-ാം ദേശീയ ഗെയിംസ് കേരളത്തിന് അനുവദിച്ചു (2008 നവംബർ). 35-ാം ദേശീയ ഗെയിംസിന്റെ ആസൂത്രണത്തിനും വിജയകരമായ നടത്തിപ്പിനുമായി കേരള സർക്കാർ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്[5] സ്ഥാപിക്കുകയും (നവംബർ 2008) ആറ്[6] സമിതികൾ രൂപീകരിക്കുകയും ചെയ്തു. ഗെയിംസ് നടത്തുന്നത് 2014 ഫെബ്രുവരിയിലെന്നു താൽക്കാലികമായി നിശ്ചയിക്കുകയും ചെയ്തു.

---

5 തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്ര കാരുണ്യ സൊസൈറ്റികൾ രജിസ്ട്രേഷൻ ആക്റ്റ് 1956 അധീനതയിൽ സ്ഥാപിച്ച ഒരു രജിസ്റ്റേർഡ് സൊസൈറ്റി

6 ദേശീയ ഗെയിംസ് സംഘാടക സമിതി (എൻ.ജി.ഒ.സി.), സമന്വയ സമിതി, ഉന്നതാധികാര സമിതി, സാങ്കേതിക സമിതി, കായികത്തിനുള്ള സാങ്കേതിക സമിതിയും, വാങ്ങൽ സമിതിയും.

### ധനശേഖരണം (2.3.11.1)

ദേശീയ ഗെയിംസിന്റെ പ്രതീക്ഷിച്ച ചെലവ് ₹ 611.33 കോടി ആയിരുന്നു. അതിലേയ്ക്ക് ഭാരത സർക്കാർ ₹ 121 കോടിയുടെ സഹായം ഉറപ്പുനൽകിയിരുന്നു. 2008-2013-ൽ കിട്ടിയ ₹ 212.44 കോടിയിൽ (സംസ്ഥാന സർക്കാർ ₹ 149.66 കോടി, ഭാരത സർക്കാർ ₹ 62.78 കോടി) ഗെയിംസിനുവേണ്ടി എൻ.ജി.എസ്. ₹ 130.83 കോടി ചെലവഴിച്ചു.

### അടിസ്ഥാന സൗകര്യം/വേദികളുടെ വികസനം (2.3.11.2)

ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് (എൻ.ജി.എസ്.) അനുബന്ധം III-ൽ വിവരിക്കും പ്രകാരം 25 ജോലികൾ നിർവ്വഹിക്കാൻ പദ്ധതിയിട്ടിരുന്നു. അവയിൽ 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം (രൂപകൽപന, നിർമ്മാണ പ്രവർത്തിപ്പിക്കൽ, കൈമാറ്റ രീതിയിലുള്ള തിരുവനന്തപുരത്തെ ഒരു ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ഒഴികെ), സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിലവിലുള്ള 14 കായിക അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, തിരുവനന്തപുരത്തെ ദേശീയ ഗെയിംസ് വില്ലേജിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ഒഴികെയുള്ള ഈ 25 ജോലികളുടെ മൊത്തം അടങ്കൽ തുക ₹ 274.92 കോടി ആയിരുന്നു. 35-ാം ദേശീയ ഗെയിംസിന്റെ നടത്തിപ്പിനുവേണ്ട കായിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനുമായി പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (പി.എം.സി.) സി.ഇ.എസ്.എസ്.പി.എ.ജെ.-വിനെ എൻ.ജി.എസ്. നിയമിച്ചു. (2009 മേയ്) പ്രോജക്റ്റുമായി ബന്ധപ്പെട്ട കൺസൾട്ടൻസിയും മേൽനോട്ട ജോലികളും ആരംഭം മുതൽ പൂർത്തീകരണംവരെ നിർവ്വഹിക്കുവാനാണ് പി.എം.സി.-യെ ചുമതലപ്പെടുത്തിയത്. പ്രോജക്റ്റ് രൂപകൽപനയും രേഖാ നിർമ്മാണവും പി.എം.സി.-യുടെ ജോലിയും ഉത്തരവാദിത്ത്വവും ആയിരുന്നു. പ്രതീക്ഷിച്ച രീതിയിൽ സേവനങ്ങൾ നൽകുന്നതിൽ പി.എം.സി. പരാജയപ്പെടുകയും സി.ഇ.എസ്.എസ്.പി.എ.ജെ.വി.മായി ഉടമ്പടി ചെയ്തിരുന്ന കൺസൾട്ടൻസി അവസാനിപ്പിക്കുകയും (2012 മാർച്ച്) പുതിയ ഉപദേശകരായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബി.എസ്.എൻ.എൽ.)-നേയും കേരള ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡി (കെ.ഐ.റ്റി.സി.ഒ.)-നേയും നിയമിക്കുകയും ചെയ്തു. (2012 ജനുവരി)

ഓഡിറ്റ് ശ്രദ്ധിച്ചതെന്തെന്നാൽ പദ്ധതിയിട്ട 25 ജോലികളിൽ ഒൻപതെണ്ണം പൂർത്തിയാകുകയോ ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയോ ആണ് (2013 ഡിസംബർ) അവശേഷിച്ച 16 ജോലികളിൽ, ഏഴ് ജോലികളുടെ ഭൗതിക പുരോഗതിയുടെ ശതമാനം പൂജ്യം മുതൽ 40 വരെ ആയിരുന്നു. സ്ഥലം കണ്ടെത്താതിരിക്കൽ, ഉടമ്പടികളുടെ സമാപിക്കലും പുനഃക്രമീകരണവും, രൂപകല്പനയിലെ മാറ്റം സമന്വയിപ്പിക്കുന്നതിലെ ജോലികൾ എൻ.ജി.എസ്. നടപ്പാക്കിയതിലെ ന്യൂനത എന്നിവ ജോലികളുടെ മന്ദഗതിയുടെ കാരണങ്ങളായി ഓഡിറ്റ് കണ്ടെത്തി.

ചില സുപ്രധാന ജോലികൾ എൻ.ജി.എസ്. നടപ്പാക്കിയതിലെ ഓഡിറ്റ് കണ്ടെത്തലുകൾ താഴെപ്പറയുംവിധം ആയിരുന്നു.

**മൂക്കന്നിമലയിലെ (തിരുവനന്തപുരം) ട്രാപ്പ് ആന്റ് സ്കീറ്റ് സംവിധാനം**

തിരുവനന്തപുരം മൂക്കന്നിമലയിലെ ആർമി ഷൂട്ടിംഗ് റേഞ്ചിൽ ട്രാപ്പ് ആന്റ് സ്കീറ്റ് മേഖല വികസിപ്പിക്കുന്നതിനായി, ട്രാപ്പ് ആന്റ് സ്കീറ്റ് സംവിധാന നിർമ്മാണത്തിനായുള്ള വിശദമായ മാപ്പ് തയ്യാറാക്കാൻ സർവ്വേ നടത്താനായുള്ള ആർമി അധികാരികളുടെ അനുവാദം എൻ. ജി.എസ്-ന് ലഭിച്ചു. (2012 ഏപ്രിൽ). ആർമിയുടെ നിർമ്മാണ അനുവാദം ലഭിക്കുന്നതിനു മുമ്പുതന്നെ ടവറുകളുടേയും ബങ്കറുകളുടേയും ഉൾപ്പെടെയുള്ള ട്രാപ്പ് ആന്റ് സ്കീറ്റ് ഫസിലിറ്റി നിർമ്മാണ ജോലി ₹ 1.46 കോടി രൂപയ്ക്ക് ഒരു സ്ഥാപനത്തിന് എൻ.ജി.എസ്. നൽകി. (2013 ജനുവരി). ടവറുകളുടെയും ബങ്കറുകളുടെയും നിർമ്മാണം ആർമി അധികാരികൾ എതിർത്തതിനാൽ 2013 ഡിസംബർ വരെയും ജോലി തുടങ്ങിയിട്ടില്ല. മറ്റൊരു സ്ഥലം എൻ.ജി.എസ്. കണ്ടെത്തിയെങ്കിലും, അതിനുള്ള അംഗീകാരം രക്ഷാമന്ത്രാലയത്തിൽ നിന്ന് കിട്ടാനിരിക്കുന്നതേയുള്ളൂ. അങ്ങനെ, സ്ഥലം ഉറപ്പിക്കുന്നതിലെ കാലതാമസം കാരണം ട്രാപ്പ് ആന്റ് സ്കീറ്റ് ഇനം ഗെയിംസിൽ നിന്ന് ഒഴിവാക്കപ്പെടാനുള്ള ഒരു സാദ്ധ്യത ഉണ്ട്.

ജോലി ആരംഭിക്കാനുള്ള ഔദ്യോഗിക അനുമതി ലഭിക്കുന്നതിനായി മുഖ്യമന്ത്രി ഇക്കാര്യം രക്ഷാ മന്ത്രാലയവുമായി ചർച്ച ചെയ്തുവരുന്നതായി സർക്കാർ അറിയിച്ചു (2013 നവംബർ), മറുപടി സ്വീകര്യമല്ല കാരണം നിർമ്മാണ പ്രവർത്തനങ്ങൾക്കല്ല സർവ്വേയ്ക്ക് മാത്രമാണ് അനുവാദം നൽകിയതെന്ന കരസേനാ മുഖ്യാലയത്തിൽ നിന്ന് അറിയിപ്പ് (2012 ഏപ്രിൽ) ലഭിച്ചിട്ടും എൻ.ജി.എസ്. ജോലി ഏൽപ്പിച്ചുകൊടുത്തതിൽ ഒരു ന്യായീകരണവും ഇല്ല എന്നതാണ്. ഇക്കാര്യത്തിൽ നാളിതുവരെ (2013 ഡിസംബർ) ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല.

**വട്ടിയൂർക്കാവിലെ (തിരുവനന്തപുരം) ഷൂട്ടിംഗ് റേഞ്ച് നിർമ്മാണം.**

തിരുവനന്തപുരം വട്ടിയൂർക്കാവിലെ സർക്കാർ പോളിടെക്നിക്കിൽ ഒരു ഷൂട്ടിംഗ് റേഞ്ചിന്റെ നിർമ്മാണ ജോലി, പൂർത്തീകരണ കാലാവധി ആയ പത്ത് മാസത്തെ വ്യവസ്ഥയോടെ ₹17.10 കോടിയ്ക്ക് ഒരു കരാറുകാരന് കൈമാറി (2010 സെപ്റ്റംബർ) നിർദ്ദിഷ്ട ജോലിയിൽ 10 മീ., 25 മീ., 50 മീ. ഷൂട്ടിംഗ് റേഞ്ചുകളുള്ള രണ്ട് കെട്ടിട നിർമ്മാണം ഉൾപ്പെട്ടിരുന്നു. ജോലിയിലെ മന്ദഗതി ചൂണ്ടിക്കാട്ടി എൻ. ജി. എസ്. ഉടമ്പടി അവസാനിപ്പിച്ചു (2012 ജൂലൈ) എന്നാൽ, റദ്ദാക്കൽ നടപടി പിൻവലിക്കുകയും (2013 ജനുവരി) ഒക്ടോബർ 2013 വരെ ജോലി പൂർത്തിയാക്കാനായി കരാറുകാരന് സമയദൈർഘ്യം അനുവദിക്കുകയും ചെയ്തു. അതിനിടെ സമയത്ത് ജോലി പൂർത്തീകരിക്കാനായി, ജോലിയുടെ പരിധി

മാറ്റം വരുത്താൻ എൻ.ജി.എസ്. തീരുമാനിക്കുകയും എല്ലാ ഷൂട്ടിംഗ് റേഞ്ചുകളും ഉൾക്കൊള്ളിക്കാനായി രണ്ട് പ്രത്യേക കെട്ടിടങ്ങൾക്ക് പകരമായി ഒറ്റക്കെട്ടിടമായി നിർമ്മാണം പരിമിതപ്പെടുത്തുകയും ചെയ്തു. ഡിസംബർ 2013 വരെ എൻ.ജി.എസ്. 60 ശതമാനം ജോലി പുതുക്കിയ പ്ലാൻ പ്രകാരം പൂർത്തിയാക്കുകയും ₹ 4.82 കോടി ചിലവാക്കുകയും ചെയ്തു.

ഓഡിറ്റ് നിരീക്ഷിച്ചതെന്തെന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാറുകാരനെക്കൊണ്ട് ജോലി പൂർത്തീകരിച്ചെടുക്കുന്നതിൽ എൻ.ജി.എസ്.-ന് പരാജയം സംഭവിച്ചെന്നും ജോലിയുടെ പരിധി കുറയ്ക്കുകവഴി ലക്ഷ്യമിട്ട അടിസ്ഥാന സൗകര്യങ്ങളിൽ വിട്ടുവീഴ്ച്ച ഇടയാക്കുകയും ചെയ്തു.

**കണ്ണൂരിലെ പുതിയ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

കണ്ണൂരിൽ ഒരു പുതിയ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം ₹ 26.37 കോടിയ്ക്ക് ഒരു കരാറുകാരന് കൈമാറി (2010 മേയ്). എൻ.ജി.എസ്. ആദ്യമേ അംഗീകാരം നൽകിയ രൂപകൽപ്പനയുടെ രൂപ സുരക്ഷയെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ ഡി.ആർ.ഐ.ക്യു. ബോർഡ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.ജി.എസ്. നിർമ്മാണ രേഖകൾ പരിഷ്കരിച്ചതുകൊണ്ട് ഈ കരാറുകാരൻ വഴി ജോലി നടപ്പിലാക്കിയില്ല. പരിഷ്കരിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ജോലി മറ്റൊരു കരാറുകാരന് ₹ 41.16 കോടിയ്ക്ക് കൈമാറിയെങ്കിലും ജോലിയുടെ മന്ദഗതി കാരണം കരാർ അവസാനിപ്പിച്ചു. (മാർച്ച് 2013) ജോലിയുടെ സാദ്ധ്യത മാറ്റേണ്ടിയിരുന്നതിനാൽ കരാർ അവസാനിപ്പിച്ചപ്പോൾ റിസ്ക് ആന്റ് കോസ്റ്റ് നടപ്പിലാക്കാൻ സാധിച്ചില്ല.

ഫണ്ടിന്റെ ലഭ്യത പരിഗണിച്ച്, ഇൻഡോർ സ്റ്റേഡിയത്തിന്റെ രൂപകല്പനയും രൂപഘടനയും എൻ.ജി.എസ്. വീണ്ടും പരിഷ്കരിക്കുകയും അവശേഷിക്കുന്ന ജോലി മറ്റൊരു കരാറുകാരന് എട്ട് മാസത്തെ നിർമ്മാണ കാലാവധിയോടെ ₹ 20.01 കോടിയ്ക്ക് കൈമാറി.

ജോലിയുടെ രൂപകല്പനയും രൂപഘടനയും ഉറപ്പിക്കുന്നതിൽ എൻ.ജി.എസ്.-ന്റെ സ്ഥിരതയില്ലായ്മ ജോലിയുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിലേയ്ക്ക് നയിക്കും. ഗെയിംസിനു മുമ്പ് വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം പൂർത്തീയാക്കാനുള്ള സാദ്ധ്യത വിദൂരമാണ്.

**നീന്തൽക്കുള നവീകരണം - പാഴായ ചെലവ്.**

തിരുവനന്തപുരത്തെ കേരളാ വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ.) കാമ്പസിലെ നീന്തൽക്കുളം, നീന്തൽ ഇനങ്ങൾ നടത്താനുള്ള വേദിയായി ആദ്യം തെരഞ്ഞെടുത്തിരുന്നു. കെ.ഡബ്ല്യൂ.എ. കാമ്പസിലെ നിലവിലുള്ള നീന്തൽകുളം നവീകരിക്കാനും പഴയ കുളത്തിനും

അടുത്തുള്ള ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരത്തിനും ഇടയിൽ ഒരു പുതിയ കുളം നിർമ്മിക്കാനും പദ്ധതിയിട്ടിരുന്നു. ഒരു കരാറുകാരന് ജോലി കൈമാറുകയും ചെയ്തു (ജനുവരി 2010). ജോലി ആരംഭിക്കുന്നതിനുമുമ്പായി കെ.ഡബ്ല്യൂ.എ.-യുടെ നിലവിലുള്ള വാട്ടർലൈൻ പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നതിനാൽ എൻ.ജി.എസ്. ആ ജോലി കെ.ഡബ്ല്യൂ.എ.-യെക്കൊണ്ട് നിർവ്വഹിച്ചെടുക്കുകയും ₹1.50 കോടി നൽകുകയും (ഡിസംബർ 2009) ചെയ്തു.

പുതിയ നീന്തൽ കുളത്തിനുവേണ്ടി മണ്ണ് നീക്കുന്നതിനിടെ, ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം ഭാഗത്ത് പുനഃക്രമീകരിച്ച വാട്ടർ പൈപ്പിന്റെ അടിയിലൂടെ ശക്തിയായ നീരുറവയുടെ ഒഴുക്ക് മൂലം പൈപ്പിന്റെ സ്ഥാനം മാറുകയും പൈപ്പ് ചോരുകയും ചെയ്തു. സർക്കാർ നിയമിച്ച വിദഗ്ധ സാങ്കേതിക നിർണ്ണയ സമിതിയുടെ ശിപാർശ അനുസരിച്ച് പുതിയ കുളത്തിന്റെ നിർമ്മാണ പ്രവർത്തനം ഉപേക്ഷിക്കുകയും പുതുതായി നിർമ്മിച്ച പിരപ്പൻകോട്ടെ അന്താരാഷ്ട്ര നീന്തൽ കുളത്തിലേയ്ക്ക് വേദി മാറ്റുകയും ചെയ്തു. അങ്ങനെ, സാദ്ധ്യതാ പഠനം നടത്താതെ ഒരു നീന്തൽ കുളത്തിന്റെ നിർമ്മാണം ആരംഭിച്ചത് മൂലം ₹1.50 കോടിയുടെ പാഴ്ച്ചെലവിൽ കലാശിച്ചു.

ദേശീയ ഗെയിംസിന്റെ കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് വിശകലനത്തിൽ 25 ജോലികളിൽ ഒൻപതെണ്ണം മാത്രമാണ് പൂർണ്ണമായോ/ഏകദേശം പൂർണ്ണമായോ പൂർത്തിയായതെന്നും ഏഴ് ജോലികളുടെ പൂർത്തീകരണ ഘട്ടങ്ങൾ പൂജ്യം മുതൽ 40 ശതമാനം വരെയാണെന്നും കണ്ടെത്തി. ഇത് സൂചിപ്പിക്കുന്നത് 2008-ൽ സംസ്ഥാനത്തിന് അനുവദിച്ച് കിട്ടിയ ദേശീയ ഗെയിംസിന്റെ ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിലെ പുരോഗതി മോശമാണെന്നും ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിനായി നിശ്ചയിച്ച ലക്ഷ്യങ്ങൾ ഇതുവരെ കൈവരിച്ചിട്ടില്ലെന്നുമാണ്.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

46. തിരുവനന്തപുരത്തെ മുക്കുന്നിമലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആർമി ഷൂട്ടിംഗ് റേഞ്ച് അവിടെ നിന്നും മാറ്റിയോ എന്ന് സമിതി ആരാഞ്ഞതിന് ഷൂട്ടിംഗ് റേഞ്ച് തൃശ്ശൂർ ജില്ലയിലേക്ക് മാറ്റിയതായും കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ സ്ഥലം മുഴുവൻ വെള്ളം കയറി നാശമായതായും കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു

47. വട്ടിയൂർക്കാവിലെ ഷൂട്ടിംഗ് റേഞ്ച് ക്ലാസ് വൺ ആയതിനാൽ അടുത്ത ദിവസം ആരംഭിക്കുന്ന നാഷണൽ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് തിരുവനന്തപുരത്തുവച്ചാണ് നടത്തുന്നതെന്നും, കണ്ണൂരിലെ ഷൂട്ടിംഗ് റേഞ്ചും നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

48. വട്ടിയൂർക്കാവിലെ ഷൂട്ടിംഗ് റേഞ്ചിനുവേണ്ടി എത്ര തുക ചെലവഴിക്കേണ്ടിവന്നു എന്ന് സമിതി ആരാഞ്ഞതിന്, ഇന്ത്യയിലെ ഏറ്റവും നല്ല ഷൂട്ടിംഗ് റേഞ്ചാണ് വട്ടിയൂർക്കാവിലുള്ളതെന്നും, ബ്രസീലിലെ റിയോ-ഡി-ജെനിറോയിൽ വച്ച് നടന്ന ഒളിമ്പിക്സിൽ ഉപയോഗിച്ച ഉപകരണങ്ങൾ ആണ് അവിടെ ഉപയോഗിച്ചിട്ടുള്ളതെന്നും, നിലവിൽ ഇത്തരം ഉപകരണങ്ങൾ ഇന്ത്യയിൽ മറ്റെങ്ങുമില്ലെന്നും, സൗത്ത് ഏഷ്യയിലെ ഏറ്റവും നല്ല ഷൂട്ടിംഗ് റേഞ്ച് കൂടിയാണിതെന്നും, ₹17 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും എന്നാൽ നിലവിൽ ഷൂട്ടിംഗിന് പരിശീലകരെ ലഭിക്കാൻ ബുദ്ധിമുട്ടാണെന്ന് കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

49. സമ്പന്നൻമാരുടെ കുത്തകയായിരുന്ന കായിക വിനോദമായിരുന്നു ഷൂട്ടിംഗ് എന്നും ഇത്തരത്തിലുള്ള പരിശീലന സൗകര്യങ്ങൾ വന്നതിന് ശേഷമാണ് സാധാരണക്കാർ ഈ രംഗത്തേക്ക് വന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

50. തുടർന്ന് സമിതി കണ്ണൂരിലെ പുതിയ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്തു. പ്രസ്തുത സ്റ്റേഡിയം നാഷണൽ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ചതാണെന്നും, അവിടെയാണ് ബോക്സിംഗ് ചാമ്പ്യൻഷിപ്പ് നടന്നതെന്നും, ഡയറക്ടർ സമിതിയെ അറിയിച്ചു. ഡിസൈൻ സംബന്ധിച്ച് പരാതികളെന്തെങ്കിലും ഉണ്ടായിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് പ്രത്യേകിച്ച് പരാതികളൊന്നും ഉണ്ടായിരുന്നില്ലെന്നും നാഷണൽ ഗെയിംസിനോടനുബന്ധിച്ച് വളരെ വേഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതാണെന്നും, ആ സമയത്താണ് ആഡിറ്റ് നിരീക്ഷണത്തിൽ ഉൾപ്പെട്ടതെന്നും, അവയെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും ഇപ്പോൾ സ്റ്റേഡിയം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, കായികയുവജനകാര്യ ഡയറക്ടർ മറുപടി നൽകി.

51. തുടർന്ന് സമിതി നീന്തൽക്കുള നവീകരണത്തിനായി പാഴായ ചെലവ് സംബന്ധിച്ച് ചർച്ച ചെയ്തു. പിരപ്പൻകോട് നിർമ്മിച്ച സ്വിമ്മിംഗ് പൂളിൽ വച്ചാണ് 2018-ലെ നാഷണൽ അക്വാട്ടിക് ചാമ്പ്യൻഷിപ്പ് നടത്തിയതെന്നും, അത് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് ഡൈവിംഗ് പൂൾ പണിയാനായി കുഴിച്ചപ്പോൾ രാജഭരണകാലത്ത് ജലവിതരണത്തിനായി ഇട്ടിരുന്ന പൈപ്പ് കണ്ടെത്തിയതിനെ തുടർന്ന് ജോലി നിർത്തി വയ്ക്കേണ്ടി വന്നുവെന്നും, സർവ്വേ മാപ്പ് ഇല്ലാത്തതുകൊണ്ടുണ്ടായ പ്രശ്നമാണെന്നും കായികയുവജനകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

പരാമർശം ഇല്ല.

[സി & എ.ജി.-യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3.12.1, 2.3.13, 2.3.14]

**ആന്തരിക നിയന്ത്രണങ്ങൾ (2.3.12)**

**സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിലെ കുടിശ്ശിക (2.3.12.1)**

കേരള സ്പോർട്സ് ആക്റ്റ് 2008 അനുസരിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് അധികാരികൾ ഓഡിറ്റ് ചെയ്യേണ്ടതും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് ശ്രദ്ധിച്ചത് കെ.എസ്.എസ്.സി.-യുടെ കണക്കുകൾ 2008-09 വരെ മാത്രമാണ് ഓഡിറ്റ് ചെയ്തിട്ടുള്ളത്.

**സമാപനം (2.3.13)**

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ ഒരു വിശാലമായ ഡേറ്റാ ബേസ് നിർദ്ദിഷ്ടരീതിയിൽ വകുപ്പ് ഉണ്ടാക്കാതിരുന്നതുകാരണം വകുപ്പിന്റെ കാഴ്ചപ്പാട് കൈവരിക്കുന്നതിനായി യാഥാർത്ഥ്യാധിഷ്ഠിത ആവശ്യാനുസൃതമായ ഒരു ദീർഘകാല പദ്ധതി തയ്യാറാക്കിയിരുന്നില്ല. മുഖ്യമായും വിദ്യാർത്ഥികളുടെ ഇൻഷ്വറൻസ് കവറേജ് നേരിടാനായും പ്രഗത്ഭരായ കായിക താരങ്ങൾക്ക് വിദേശ പരിശീലനം ഏർപ്പാടാക്കാനും വിദഗ്ധരായ പരിശീലകരെ നിയോഗിക്കാനുമായി ലക്ഷ്യമിട്ടിരുന്ന, സംസ്ഥാന കായിക വികസന നിധി, 2010-2012 ബജറ്റിൽ വിഹിതമായ ₹ 1.25 കോടി ലഭ്യമാക്കിയിട്ടും, രൂപീകരിച്ചില്ല. കായിക വളർച്ചയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മുൻഗണനാ പരിഗണനയില്ലാതെ, പണമനുവദിക്കലിൽ മാത്രമായി ചുരുങ്ങുകയും തത്ഫലമായി സർക്കാർ വിഭവങ്ങൾ നിരവധി പ്രോജക്റ്റുകളിൽ തുച്ഛമായ അളവിൽ അനുവദിക്കുക വഴി നിരവധി പ്രോജക്റ്റുകളുടെ പൂർത്തീകരണം തടസ്സപ്പെടുന്നതിന് ഇടയാകുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതി ആയ പി.വൈ.കെ.കെ.എ., ലക്ഷ്യമിട്ടിരുന്നതായ 400 ജി.പി.-കളുടേയും 60 ബി.പി.കളുടേയും സ്ഥാനത്ത് 199 ജി.പി.-കളും 28 ബി.പി.കളും മാത്രമാണ് ഉൾക്കൊള്ളിച്ചത്, തദ്വാരാ ലക്ഷ്യമിട്ട പുരോഗതി കൈവരിക്കാനായില്ല. 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം സൂചിപ്പിക്കുന്നത് എൻ.ജി.എസ്. നിശ്ചയിച്ച ലക്ഷ്യം കൈവരിക്കുന്നതിലെ മന്ദഗതിയാണ്. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാത്തതും സൃഷ്ടിക്കാത്തതുംമൂലവും ഉപകരണങ്ങൾ ലഭ്യമാക്കാത്തതുമൂലവും ദേശീയവും അന്തർദേശീയവുമായ തലങ്ങളിലെ കായിക ഇനങ്ങളിൽ കായിക താരങ്ങളുടെ പങ്കാളിത്തത്തിന്റെ തലവും ഗുണനിലവാരവും ഉയർത്താനുള്ള സംസ്ഥാനത്തിന്റെ കായിക ലക്ഷ്യങ്ങൾ കൈവരിക്കാതെ നിൽക്കുവാൻ സാധ്യതയുണ്ട്.

**ശിപാർശകൾ (2.3.14)**

- സംസ്ഥാനത്തെ കായിക വികസനത്തിനായുള്ള പദ്ധതി രൂപീകരണത്തിൽ ഉപയോഗിക്കാനുള്ള കായിക അടിസ്ഥാന സൗകര്യവും കായിക താരങ്ങളും ഉൾപ്പെടുന്ന വിശാലമായ ഡേറ്റാബേസിന്റെ നേരത്തേയുള്ള പൂർത്തീകരണം സർക്കാർ ഉറപ്പാക്കേണ്ടതാണ്.

• ധനദൗർലഭ്യവും മറ്റ് കുരുക്കുകളും കാരണം താമസം വന്ന കായിക അടിസ്ഥാന സൗകര്യവികസന ജോലികൾ കൃത്യമായ സമയക്രമത്തോടെ, മുൻഗണനാ ക്രമത്തിൽ ലഭ്യമായ സൗകര്യങ്ങളുടെ ഫലപ്രദമായ ഉപയോഗംമൂലം സർക്കാർ പൂർത്തിയാക്കണം.

• 35-ാം ദേശീയ ഗെയിംസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട എല്ലാ പ്രോജക്റ്റുകളുടെ ത്വരിത പൂർത്തീകരണം സർക്കാർ ഉറപ്പാക്കേണ്ടതാണ്.

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

52. തെളിവെടുപ്പുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സമിതിക്ക് ഉറപ്പ് നൽകിയശേഷം പല വകുപ്പുകളും യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നില്ലെന്നും, സമിതി ഫയലുകൾ അപ്ഡേറ്റ് ചെയ്ത് കൊണ്ടിരിക്കുകയാണെന്നും, വളരെ പഴയ റിപ്പോർട്ടുകൾ ഇപ്പോഴും പരിഗണിക്കേണ്ടിവരുന്നതിനാൽ നിലവിലെ റിപ്പോർട്ടുകൾ പരിഗണിക്കാൻ സാധിക്കുന്നില്ലെന്നും, ആയതിനാൽ തെളിവെടുപ്പുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭ്യമാക്കേണ്ട വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിച്ചു. ആയത് ലഭ്യമാക്കാമെന്ന് കായികയുവജനകാര്യ ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

പരാമർശം ഇല്ല.

[സി.& എ.ജി.-യുടെ 2013 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8]

**ആഭ്യന്തര വകുപ്പ്**

ജയിലുകളിലും കോടതികളിലും സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഉപയോഗിക്കാതിരുന്നത് (3.8).

തടവുകാരെ നേരിട്ട് ഹാജരാക്കാതെ കോടതികൾക്ക് റിമാൻഡ് ചെയ്യാനും ജാമ്യം നൽകാനും അവസരമൊരുക്കാൻ വേണ്ടി കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ₹ 1.69 കോടി ചെലവാക്കി സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ പദ്ധതിയുടെ പരിപാലനമില്ലായ്മകൊണ്ടും വിനിമയബന്ധത്തിലെ പോരായ്മകൾ കൊണ്ടും ഉപയോഗശൂന്യമായി തുടരുന്നു.

തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ ആറ് ജില്ലകളിലെ ജയിലുകളിലും കോടതികളിലും വീഡിയോ കോൺഫറൻസിംഗ് (വി.സി.) സൗകര്യങ്ങൾ സ്ഥാപിക്കുവാനായി സർക്കാർ ₹ 2.65 കോടിയുടെ ഭരണാനുമതി നൽകി

(2005 ജൂണിലും[7] 2007 മാർച്ചിലും[8] ) തടവുകാരെ നേരിട്ട് ഹാജരാക്കാതെ കോടതികൾക്ക് റിമാന്റ് ചെയ്യാനും ജാമ്യം നൽകാനും സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വി.സി. സൗകര്യങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. പോലീസ് അകമ്പടിയുടെ അഭാവംമൂലം തടവുകാരെ കൃത്യസമയത്ത് കോടതിയിൽ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ വിചാരണയും കേസുകൾ തീർപ്പാക്കുന്നതിലും വരുന്ന കാലതാമസം ഒഴിവാക്കുക എന്ന ലക്ഷ്യമാണ് ഇതിനുപിന്നിലുണ്ടായിരുന്നത്. കൂടാതെ, തടവുകാർക്ക് അകമ്പടി പോകുന്ന പോലീസുകാരുടെ സേവനം മറ്റു സാധാരണ ചുമതലകളായ നീതി-ന്യായ നിർവ്വഹണത്തിനും കേസന്വേഷണത്തിനും ഉപയോഗിക്കാനും സാധിക്കും. അതുവഴി പോലീസ് ഉദ്യോഗസ്ഥരുടെ യാത്രാബത്ത, ഭക്ഷണ ചെലവ് എന്നീ ഇനങ്ങളിലായി വർഷംതോറും ഏകദേശം അഞ്ച് കോടി മിച്ചം കണക്കാക്കപ്പെട്ടു.

വി.സി. ഉപകരണങ്ങളുടെ വിതരണവും സ്ഥാപിക്കലും നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനേയും (എൻ.ഐ.സി.) ജയിലുകളിലെയും കോടതികളിലെയും സിവിൽ, ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനേയും (കെ.പി.എച്ച്.സി.സി.) ഏൽപ്പിച്ചു. വിസിയുടെ വിനിമയബന്ധത്തിന്റെ ചുമതല ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിനായിരുന്നു (ബി.എസ്.എൻ.എൽ.).

നാല്[9] ജില്ലകളിലായി 36 സ്ഥലങ്ങളിൽ ജയിലുകളിലും കോടതികളിലും 2.39 കോടി മൊത്തം ചെലവിൽ, വകുപ്പ് 2010 ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ വി.സി. സൗകര്യങ്ങൾ സ്ഥാപിച്ചു. പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള ജയിൽ ആസ്ഥാനത്തെ രേഖകളുടെ ഓഡിറ്റ് പരിശോധന(2013 മാർച്ച്)യിൽ, വി.സി. സൗകര്യങ്ങൾ തിരുവനന്തപുരത്ത് മാത്രമാണ് പ്രവർത്തനക്ഷമമായി തുടരുന്നത് എന്നു വ്യക്തമായി, മറ്റ് മൂന്നുജില്ലകളിലും ₹ 1.69 കോടി ചെലവിൽ നിർമ്മിച്ച വി.സി. സൗകര്യങ്ങൾ സ്ഥാപിച്ചതിനുശേഷം വളരെ ചെറിയ കാലയളവിലുള്ള പ്രവർത്തനത്തെ തുടർന്ന് ഉപയോഗശൂന്യമായി കിടക്കുകയായിരുന്നു. വിശദാംശങ്ങൾ അനുബന്ധം-III-ൽ കാണിച്ചിരിക്കുന്നു.

താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

- 15 സ്റ്റുഡിയോകളിൽ വി.സി. സംവിധാനം/യു.പി.എസ്./ബാറ്ററി ഇവ പ്രവർത്തിക്കാതിരിക്കുകയും 13 സ്റ്റുഡിയോകളിൽ ഐ.എസ്.ഡി.എൻ. ബന്ധിപ്പിക്കലിലെ വീഴ്ച കാരണം സംവിധാനം പ്രവർത്തന ശൂന്യമായിരിക്കുകയും ചെയ്തു.

---

7 തിരുവനന്തപുരം ₹ 64.88 ലക്ഷം

8 എറണാകുളം, കണ്ണൂർ, കോട്ടയം, കോഴിക്കോട് ₹ 199.71 ലക്ഷം

9 എറണാകുളം, കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ

• സംവിധാനം സ്ഥാപിക്കേണ്ട കേന്ദ്രങ്ങളുടെ തയ്യാറെടുപ്പ് ഉറപ്പുവരുത്താതെ 23 വി.സി. സംവിധാനങ്ങളുടെ വിതരണത്തിനുള്ള ഓർഡർ 2007 ഡിസംബറിൽ നൽകി. എന്നാൽ വി.സി.-യുടെ സഹായത്തോടെ തടവുകാരെ ഹാജരാക്കുന്നത് ക്രിമിനൽ പ്രൊസീജ്യർ കോഡ് (സി.പി.സി.) ഭേദഗതി ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രാബല്യത്തിൽ വന്നത് 2009 ഡിസംബർ 31 മുതൽക്കാണ്. മിക്കയിടങ്ങളിലും സൈറ്റുകൾ തയ്യാറാക്കാത്തതിനാൽ വിതരണം ചെയ്ത വി.സി. സംവിധാനങ്ങൾ ഏകദേശം രണ്ട് വർഷത്തോളം ജയിലുകളിൽ ഉപയോഗിക്കാതെ കിടന്നു.

• കോട്ടയം ജില്ലയിൽ ഐ.എസ്.ഡി.എൻ. സൗകര്യങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നും എർത്തിംഗ് പ്രശ്നങ്ങൾ, മിന്നൽ എന്നിവകൊണ്ട് പ്രവർത്തനക്ഷമമല്ലാതെയാകുന്നതിനാൽ ഐ.എസ്.ഡി.എൻ.-ൽ നിന്നും വെർച്ചൽ പ്രൈവറ്റ് ശൃംഖല (വി.പി.എൻ.) കണക്ഷനിലേക്ക് മാറ്റുന്നതാണ് നല്ലതെന്നും ബി.എസ്.എൻ.എൽ. (2011 നവംബർ) നിർദ്ദേശിച്ചു. എന്നാൽ ഇതിനുള്ള സർക്കാർ അനുമതി 2013 സെപ്റ്റംബർ വരെ ലഭിച്ചിട്ടില്ല.

• എൻ.ഐ.സി. ശിപാർശ ചെയ്തതുപോലെ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി സ്റ്റുഡിയോകളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നതിന് വകുപ്പ് യാതൊരു നടപടിയും കൈക്കൊണ്ടില്ല.

സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് അനുയോജ്യമായ വിധത്തിലുള്ള മുൻകരുതലുകളോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിൽ വകുപ്പ് പരാജയപ്പെട്ടു. കേടുവന്ന സംവിധാനങ്ങൾ കുറഞ്ഞ ചെലവിൽ ദ്രുതഗതിയിൽ നന്നാക്കിയെടുക്കുവാൻ സംഘടിത ഉദ്ദേശ്യത്തോടുകൂടിയ ശ്രമമുണ്ടായില്ല. അങ്ങനെ ₹ 1.69 കോടി ചെലവാക്കി സ്ഥാപിച്ച വി.സി. സൗകര്യങ്ങൾ ജയിലുകളിലും കോടതികളിലും ഉദ്ദേശിച്ച ഫലം നൽകാതെ ഉപയോഗശൂന്യമായി അവശേഷിച്ചു.

പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ചില കോടതികളിൽ നിന്ന് സ്ഥലം മാറിപ്പോയത്, ഉപകരണം തെറ്റായി കൈകാര്യം ചെയ്തത്, സംവിധാനം ഉപയോഗിക്കാതിരുന്നതുമൂലമുള്ള സാങ്കേതിക തടസ്സം എന്നിവയെല്ലാം പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് വിഘാതമായി എന്ന് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ജി.പി.), ജയിൽ അഭിപ്രായപ്പെട്ടു (2013 ഒക്ടോബർ). പദ്ധതിയുടെ വിജയത്തിനുവേണ്ടി സ്റ്റുഡിയോകൾ, ഉപകരണം, വിനിമയബന്ധം ഇവയുടെ ശരിയായ പരിപാലനം ആവശ്യമാണെന്നും കേടുപാടുകൾ തീർത്ത് മൂന്നുമാസത്തിനുള്ളിൽ സ്റ്റുഡിയോകൾ പ്രവർത്തനക്ഷമമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മേൽപ്പറഞ്ഞ വസ്തുതകൾ 2013 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ഇതുവരെ ലഭ്യമായിട്ടില്ല (2014 ജനുവരി).

[ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു]

53. 13-ാം ധനകാര്യ കമ്മീഷൻ പദ്ധതിയുടെ ഭാഗമായാണ് ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചതെന്നും പദ്ധതി നടപ്പിലാക്കുന്നതിന് കുറച്ച് ബുദ്ധിമുട്ടുകൾ നേരിട്ടതായും നിലവിലുള്ള 57 ജയിലുകളിലും 387 കോടതികളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയതായും അതിൽ 20 കോടി രൂപ വീഡിയോ കോൺഫറൻസിംഗിനും 2.5 കോടി രൂപ ബാൻഡ് വിഡ്ത്തിനും 2 കോടി രൂപ സിവിൽ വർക്കിനും അനുവദിച്ചതായും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ 3 കോടി രൂപ ഹൈക്കോടതിക്ക് കൊടുത്തിട്ടുള്ളത് ഇതിനായി ഉപയോഗിക്കാൻ സാധിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു. എന്നാൽ അഡീഷണൽ ചീഫ് സെക്രട്ടറി സംസാരിക്കുന്നത് പുതിയ പ്രോജക്ടിനെക്കുറിച്ചാണെന്നും, ജയിലുകളിൽ നടപ്പിലാക്കിയ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗശൂന്യമായി തുടരുന്നതാണ് ഓഡിറ്റ് നിരീക്ഷണമെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രവർത്തനക്ഷമമായവ അതുപോലെ നിലനിർത്തിക്കൊണ്ട് പ്രവർത്തനക്ഷമമല്ലാത്തതിന് പകരം പുതിയ സംവിധാനം കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും, നിലവിലുള്ള പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ചെറിയ രീതിയിൽ ആദ്യകാലത്ത് ആരംഭിച്ചെങ്കിലും ജോലികൾ ഏറ്റെടുത്ത ഏജൻസി പിൻമാറിയതിനെത്തുടർന്ന് വീണ്ടും രണ്ട് പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ എടുക്കാൻ ആളില്ലായിരുന്നു എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത കാരണത്താലാണോ കെൽട്രോണിനെ ചുമതലപ്പെടുത്തിയതെന്ന് സമിതി ആരാഞ്ഞു. വകുപ്പിനുവേണ്ടി ടെണ്ടർ വിളിക്കുന്നത് കെൽട്രോൺ ആണെങ്കിലും പ്രവൃത്തികൾ നടപ്പാക്കുന്നത് കെൽട്രോൺ അല്ലെന്നും, ടെണ്ടറിൽ പങ്കെടുത്ത നാല് പേരിൽ നിന്നും ഒരാളെ തെരഞ്ഞെടുത്തതായും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

54. ഒരു പുതിയ പദ്ധതി നടപ്പാക്കുന്ന സമയത്ത് നിലവിലുള്ള പദ്ധതികളിൽ ഉപയോഗശൂന്യമായവകൂടി ഉൾപ്പെടുത്തുമോ എന്ന് സമിതി ആരാഞ്ഞു. പ്രവർത്തനക്ഷമമായവ അതുപോലെ നിലനിർത്തിക്കൊണ്ട് ഉപയോഗശൂന്യമായവ മാറ്റി സ്ഥാപിക്കുമെന്നും ആദ്യകാലത്ത് വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം രണ്ടുമൂന്ന് സ്ഥലങ്ങളിൽ മാത്രം ഉണ്ടായിരുന്നത് ഇപ്പോൾ 57 ജയിലുകളിലും 387 കോടതികളിലും ലഭ്യമാക്കുകയാണെന്നും ഇതൊരു വലിയ നേട്ടമാണെന്നും, തടവുകാരെ തെളിവെടുപ്പിനായി നേരിട്ട് ഹാജരാക്കുന്നത് കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവായി കിട്ടുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആറുമാസത്തിനകം പദ്ധതി പൂർത്തിയാകുമെന്നും ജയിൽ ഡി.ജി.പി.-യുടെ കീഴിലാണ് പദ്ധതി നടപ്പിൽ വരുത്തുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

55. പല ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചും വീഡിയോ കോൺഫറൻസിംഗ് നടത്താവുന്നതാണെന്നും എല്ലാ സ്ഥലങ്ങളിലും എൻ.ഐ.സി. ഉള്ളതിനാൽ അവരുടെ ബാൻഡ് വിഡ്ത്ത് ഉപയോഗിച്ച് വീഡിയോ കോൺഫറൻസിംഗ് നടത്താവുന്നതേയുള്ളൂ എന്നും അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു. ബി.എസ്.എൻ.എൽ.-ന്റെ ബാൻഡ് വിഡ്ത്ത് ആണ് ആഭ്യന്തര വകുപ്പ് ഉപയോഗിക്കുന്നതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

56. ആവശ്യമായ സ്ഥലം പോലും ലഭ്യമാക്കാതെ വാങ്ങിയ ഉപകരണങ്ങൾ രണ്ട് വർഷം ഉപയോഗിക്കാതെ കിടന്നുവെന്നുള്ള ഓഡിറ്റ് തടസ്സമുള്ളതായും സമിതി നിരീക്ഷിച്ചു

57. മൊബൈൽ ഫോൺ, ഐഫോൺ തുടങ്ങിയവ രണ്ടോ മൂന്നോ വർഷം മാത്രം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് വാങ്ങിയിട്ടുള്ളതെന്നും, ഓരോ ജയിലുകളിലും നിലവിലുള്ള ഉപകരണങ്ങൾ പരിശോധിച്ച് അവ എത്രനാൾ പ്രവർത്തിക്കും എന്നത് സംബന്ധിച്ച് വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ഉപയോഗയോഗ്യമായവ ഉപയോഗിക്കുന്നതിനും അല്ലാത്തവ മാറ്റിസ്ഥാപിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആഭ്യന്തര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

58. തുടർന്ന് സമിതി, വീഡിയോ കോൺഫറൻസിംഗിനായി ജയിലുകളിലും കോടതികളിലും സ്ഥാപിച്ച ഉപകരണങ്ങളിൽ പുതിയ പദ്ധതിയിലേക്ക് ഉപയോഗിക്കാൻ കഴിയുന്നവയുടെ കണക്കെടുത്തിട്ടുണ്ടോ; വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ എവിടെയെല്ലാം പ്രവർത്തനക്ഷമമായി തുടരുന്നു; പ്രസ്തുത സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പുതിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ, അതിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിച്ചു

59. കോടതികളിൽ വീഡിയോ കോൺഫറൻസിംഗിനായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ചില കോടതികളിൽ നിന്നും സ്ഥലം മാറി പോകുമ്പോൾ പകരം വരുന്ന ഉദ്യോഗസ്ഥർ ട്രെയിനിംഗ് ലഭിക്കാതെ സിസ്റ്റം കൈകാര്യം ചെയ്യുന്നത് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് തടസ്സമാകുന്നതിനാൽ സ്ഥിരമായ ഒരു പരിശീലന പരിപാടി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റീവ് പ്രോസീജിയർ (SOP) ഉണ്ടാക്കി ഓഫീസിലെ അഞ്ചോ ആറോ പേർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകി.

60. ആവശ്യമായ സെക്യൂരിറ്റിയോടുകൂടിയാണ് കൊണ്ടുപോകുന്നതെങ്കിലും ഏറ്റവും കൂടുതൽ തടവുകാർ രക്ഷപ്പെടുന്നത് കോടതിയിൽ ഹാജരാക്കുന്നതിനായി കൊണ്ടു പോകുമ്പോഴാണെന്നും ആയതിനാൽ വീഡിയോ കോൺഫറൻസിംഗിന്റെ ഉദ്ദേശ്യലക്ഷ്യം

ഏറ്റവും നല്ലതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ടോപ് പ്രയോറിറ്റി നൽകിയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ധാരാളം കടമ്പകളുള്ളതിനാലാണ് ഇത്രയും കാലതാമസം നേരിട്ടതെന്നും വീഡിയോ കോൺഫറൻസിംഗ് നടപ്പിലാക്കുന്നതിനായി വകുപ്പ് 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതായും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

61. തടവുകാരെ നേരിട്ട് ഹാജരാക്കാതെ കോടതികൾക്ക് റിമാൻഡ് ചെയ്യാനും, ജാമ്യം നൽകാനും അവസരമൊരുക്കാൻ വേണ്ടി കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ₹1.69 കോടി ചെലവാക്കി സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗശൂന്യമായിത്തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. വി.സി.സൗകര്യങ്ങൾ സ്ഥാപിക്കേണ്ട കേന്ദ്രങ്ങളുടെ തയ്യാറെടുപ്പ് ഉറപ്പുവരുത്താതെ വാങ്ങിയ ഉപകരണങ്ങൾ ഏകദേശം രണ്ടുവർഷം ഉപയോഗിക്കാതെ കിടന്നിരുന്നതായും സമിതി മനസ്സിലാക്കുന്നു. വി.സി.സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായുള്ള ജയിൽ ഡി.ജി.പി.-യുടെ പുതിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ, പ്രസ്തുത സൗകര്യങ്ങൾ എവിടെയെല്ലാം പ്രവർത്തനക്ഷമമായി തുടരുന്നു, നിലവിലെ സ്ഥിതി, നിലവിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളിൽ പുതിയ പദ്ധതിയിലേക്ക് ഉപയോഗിക്കാൻ കഴിയുന്നവയുടെ കണക്ക് എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

62. കോടതികളിൽ വീഡിയോ കോൺഫറൻസിംഗിനായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ചില കോടതികളിൽ നിന്നും സ്ഥലം മാറിപോകുമ്പോൾ പകരം വരുന്നവർക്ക് ട്രെയിനിംഗ് ലഭിക്കാതെ സിസ്റ്റം കൈകാര്യം ചെയ്യുന്നത് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് തടസ്സമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വീഡിയോ കോൺഫറൻസിംഗ് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഒരു സ്ഥിരമായ പരിശീലനപരിപാടി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വി. ഡി. സതീശൻ,
അദ്ധ്യക്ഷൻ,
പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
3-2-2020.

അനുബന്ധം - 1

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനം/ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | കായികവും യുവജനകാര്യവും വകുപ്പ് | 5 | സംസ്ഥാനത്തെ കായികകാര്യങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സംക്ഷിപ്തമായ ഒരു ഡേറ്റാബേസ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ദീർഘകാല പദ്ധതികൾ രൂപീകരിക്കാനും, പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | കായികവും യുവജനകാര്യവും വകുപ്പ് | 6 | കായിക വികസനത്തിനായി വാർഷിക പദ്ധതികൾ അല്ലാതെ ദീർഘകാല പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നീന്തൽക്കുളനിർമ്മാണം, കളി സ്ഥലങ്ങളുടെ വികസനം, കായിക അക്കാഡമികളുടെ രൂപീകരണം തുടങ്ങിയ പദ്ധതികൾ വാർഷിക പദ്ധതിയിൽ ആവർത്തിച്ച് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആസൂത്രണത്തിലെ പിഴവ് മുൻഗണനാ ക്രമം നിശ്ചയിക്കാത്തതുമാണ് ഇത്തരത്തിൽ പദ്ധതികൾ ആവർത്തിച്ച് ഉൾപ്പെടുത്തുന്നതിന്റെ കാരണമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികളുടെ എല്ലാ പ്രായോഗിക വശങ്ങളും സാധ്യതകളും പരിശോധിച്ചശേഷം കായിക അടിസ്ഥാന സൗകര്യത്തിനായുള്ള ഒരു ആവശ്യാധിഷ്ഠിത ദീർഘകാല പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | കായികവും യുവജനകാര്യ വും വകുപ്പ് | 7 | ജനത്തിന് കാണുവാൻ താൽപര്യമുള്ളതും അതോടൊപ്പം തദ്ദേശീയമായി പ്രാധാന്യവും പ്രചാരവുമുള്ളതും കാലാവസ്ഥയ്ക്ക് അനുയോജ്യ മായതുമായ കായിക ഇനങ്ങൾ തെരഞ്ഞെടുത്താൽ മാത്രമേ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഘടകങ്ങൾ അടിസ്ഥാന പ്പെടുത്തി കായിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കു വാനുള്ള പദ്ധതികൾ തെരഞ്ഞെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | കായികവും യുവജനകാര്യ വും വകുപ്പ് | 8 | കായികവകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം കുറവായതിനാൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായിക വികസനത്തിനുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | കായികവും യുവജനകാര്യ വും വകുപ്പ് | 14 | സംസ്ഥാന കായിക സൗകര്യങ്ങളുടെ രൂപീകരി ക്കലിനും നവീകരണത്തിനും, മികവുറ്റ കായിക താരങ്ങളുടെ വിദേശ പരിശീലനത്തിനും, പ്രത്യേക മായുള്ള വിദഗ്ദ്ധ പരിശീലകരെ നിയമിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള കായിക വികസന നിധിക്കായി 2010-2012-ലെ സംസ്ഥാന ബജറ്റിൽ ₹ 1.25 കോടി വകയിരുത്തിയിട്ടും നാളിതുവരെ പ്രസ്തുത നിധി രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായിക വികസനനിധി രൂപീകരണം സംബന്ധിക്കുന്ന ആഡിറ്റ് പരാമർശം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | കായികവും യുവജനകാര്യ വും വകുപ്പ് | 18 | 2000-2013 കാലഘട്ടത്തിൽ ആരംഭിച്ച ₹ 78.30 കോടിയുടെ 10 കായിക അടിസ്ഥാന സൗകര്യ പ്രോജക്ടുകൾക്ക് ആവശ്യത്തിന് പണം ലഭ്യമായിരുന്നിട്ടും ജോലികൾ പുനഃക്രമീകരിക്കുന്നതിലെ കാലതാമസം, എസ്റ്റിമേറ്റുകളുടെ പുതുക്കൽ തുടങ്ങിയ കാരണങ്ങളാൽ അവയിലെ മൂന്നെണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്നും ബാക്കി പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വകുപ്പ് ലഭ്യമാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത കാലഘട്ടത്തിൽ ആരംഭിച്ച 10 കായിക അടിസ്ഥാന സൗകര്യ പദ്ധതികളിൽ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ഉൾപ്പെടുത്താത്ത 7 പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 7 | കായികവും യുവജനകാര്യ വും വകുപ്പ് | 25 | കേന്ദ്രാവിഷ്കൃത പദ്ധതിയായ "പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ" ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തി നേടാത്തതിന്റെ കാരണം ലക്ഷ്യമിട്ട എണ്ണം ഗ്രാമപഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന എപ്രകാരം പദ്ധതി നടപ്പാക്കണമെന്നത് സംബന്ധിച്ച് വകുപ്പിന് ഒരു രൂപരേഖയില്ലാതിരുന്നതുകൊണ്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതികൾക്ക് അനുവദിക്കുന്ന തുക നിർവ്വഹണ ഏജൻസിയായ പഞ്ചായത്തുകൾക്ക് നൽകുമെങ്കിലും പദ്ധതി പൂർത്തീകരണം, ഫണ്ടിന്റെ തിരിച്ചടവ് തുടങ്ങിയവ സംബന്ധിച്ച് മേൽനോട്ടം നടത്തുന്നതിന് വകുപ്പിൽ സംവിധാനമില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നടപ്പാക്കൽ സംബന്ധിച്ച് കൃത്യമായ മേൽനോട്ടം നടത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് കായിക യുവജന കാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 2008-2013 |

| | | | |
|---|---|---|---|
| | | | കാലയളവിൽ പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്തുകൾ കൃത്യമായ മറുപടി നൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി വകുപ്പിനോട് ആവശ്യപ്പെടുന്നു. |
| 8 | കായികവും യുവജനകാര്യ വും വകുപ്പ് | 26 | കായിക വിനോദങ്ങൾക്ക് വേണ്ട വിധത്തിൽ പ്രാദേശികമായി ജനങ്ങളെ സഹകരിപ്പിക്കുന്നതിന് കായികയുവജനകാര്യ വകുപ്പിലെ നിലവിലുള്ള സംവിധാനങ്ങൾക്ക് ധാരാളം പരിമിതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കായിക വിനോദ വികസന ത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പ്രാദേശികമായി നിലവിലുള്ളതും പഞ്ചായത്തുകളുടെ അധീനതയിലുള്ളതുമായ സംവിധാനങ്ങളെയും സാധ്യതകളെയും സംബന്ധിച്ച് കായികയുവജനകാര്യ വകുപ്പ് പരിശോധിക്കുന്നി ല്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സമീപപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകളെ സഹകരിപ്പിച്ച് അവിടുള്ള എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ കായിക വിനോദത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന തിനാവശ്യമായ സംവിധാനം കായികക്ഷേമ വകുപ്പ് ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | കായികവും യുവജനകാര്യ വും വകുപ്പ് | 27 | സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം ശരിയായ വിധത്തിലല്ല നടക്കുന്നതെന്നും, കായിക വികസന ത്തിനായുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ തലത്തിൽ ഒരു സംവിധാനം ക്രമീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | കായികവും യുവജനകാര്യ വും വകുപ്പ് | 33 | കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടുപിടിച്ച് അവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങളും പരിശീലനവും നൽകിയാൽ സ്പോർട്സ് മേഖലയിൽ അവർക്ക് മികച്ച സംഭാവന നൽകുവാൻ കഴിയുമെന്ന് ബെയ്ജിംഗ് ഒളിംമ്പിക്സിൽ തദ്ദേശിയരായ ചൈനീസ് കുട്ടികൾ കാഴ്ചവച്ച മികച്ച പ്രകടനം ചൂണ്ടിക്കാട്ടി സമിതി അഭിപ്രായപ്പെട്ടു. ജീവിതരീതികൊണ്ട് വനാതിർത്തിയിലുള്ള സ്കൂളുകളിലെ കുട്ടികൾ കായിക ക്ഷമതയിൽ മുൻപിൽ നിൽക്കുന്നതിനാൽ കായിക പ്രതിഭയുള്ള അത്തരം കുട്ടികൾക്ക് മികച്ച പരിശീലനം നൽകിയാൽ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും കൂടുതൽ വിജയങ്ങൾ കൈവരിക്കാനുള്ള സാധ്യത യുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ കണ്ടുപിടിച്ച് സ്പോർട്സ് പരിശീലനത്തോടൊപ്പം വിദ്യാഭ്യാസവും നൽകി മികച്ച സ്പോർട്സ് താരങ്ങളാക്കാനുള്ള പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | കായികവും യുവജനകാര്യ വും വകുപ്പ് | 34 | ചെറുപ്രായത്തിൽ തന്നെ ഓരോ സ്കൂൾ കുട്ടിയുടേയും കായികക്ഷമത വിവിധ ടെസ്റ്റുകൾ നടത്തി ശാസ്ത്രീയമായി വിലയിരുത്തി ഓരോരുത്തർക്കും ഇണങ്ങുന്ന സ്പോർട്സ് ഇനം കണ്ടെത്തി അതിൽ പരിശീലനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കണ മെന്നും ആയതിന് കേന്ദ്ര സഹായം ആവശ്യപ്പെടണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതൊരു ചെലവേറിയ ദീർഘകാല പദ്ധതി ആണെന്നതിനാൽ സർക്കാർ ധന സഹായത്തിൽമാത്രം ഒതുക്കി നിർത്താതെ വിവിധ പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ സാമ്പത്തിക സഹായം തേടാവുന്നതും ഇതിനായി സ്കൂളുകളെ തന്നെ ദത്തെടുക്കുന്ന രീതിയിലുള്ള പദ്ധതി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | കായികവും യുവജനകാര്യ വും വകുപ്പ് | 35 | വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ സ്വാധീന ശക്തി കൂടിവരുന്ന ഈ കാലഘട്ടത്തിൽ അവരുടെ ഊർജ്ജം ശരിയായ ദിശയിൽ തിരിച്ചുവിടുന്നതിനും പാഠ്യപദ്ധതിയുടെ സമ്മർദ്ദം കുറയ്ക്കുന്നതിനും സ്പോർട്സ് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി സ്കൂൾ പാഠ്യ പദ്ധതിയിൽ കായിക പരിശീലനം ഉൾപ്പെടുത്തുന്നത് അനിവാര്യ മാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സ്കൂൾ പാഠ്യപദ്ധതിയിൽ കായികപരിശീലനം ഒരു നിർബ്ബന്ധ വിഷയമാക്കി ഉൾപ്പെടുത്തി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കണമെന്നും ആയത് അടിയന്തരമായി തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 13 | കായികവും യുവജനകാര്യ വും വകുപ്പ് | 36 | 'ആരോഗ്യത്തിനായി കളി' എന്ന പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 14 | കായികവും യുവജനകാര്യ വും വകുപ്പ് | 39 | സംസ്ഥാനത്ത് ചില പ്രമുഖ കോളേജുകൾക്ക് മാത്രമാണ് സ്വന്തമായി സ്പോർട്സ് ഹോസ്റ്റലുകൾ ഉള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കഴിവുറ്റ കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തി ലേക്ക് ഉയർത്തുന്നതിനാവശ്യമായ മികവുറ്റ പരിശീലനം കുട്ടികൾക്ക് നൽകുന്നതിന് പര്യാപ്ത മാകുന്ന തരത്തിൽ അവർക്ക് താമസ സൗകര്യം നൽകുന്നതിന് സ്പോർട്സ് ഹോസ്റ്റലുകളുടെ നിർമ്മാണ ത്തിൽ കായിക യുവജനകാര്യ വകുപ്പ് മുൻഗണന നൽകണമെന്ന് സമിതി നിർദ്ദേശം നൽകുന്നു. |
| 15 | കായികവും യുവജനകാര്യ വും വകുപ്പ് | 43 | മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂട് പരിശീലന കേന്ദ്രത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കായിക വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | കായികവും യുവജനകാര്യ വും വകുപ്പ് | 45 | വയനാട്ടിലെ അമ്പെയ്ത്ത് പഠനകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 17 | ആഭ്യന്തര വകുപ്പ് | 61 | തടവുകാരെ നേരിട്ട് ഹാജരാക്കാതെ കോടതികൾക്ക് റിമാൻഡ് ചെയ്യാനും, ജാമ്യം നൽകാനും അവസരമൊരുക്കാൻ വേണ്ടി കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ₹1.69 കോടി ചെലവാക്കി സ്ഥാപിച്ച വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗ ശൂന്യമായിത്തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. വി.സി.സൗകര്യങ്ങൾ സ്ഥാപിക്കേണ്ട കേന്ദ്രങ്ങളുടെ തയ്യാറെടുപ്പ് ഉറപ്പുവരുത്താതെ വാങ്ങിയ ഉപകരണങ്ങൾ ഏകദേശം രണ്ടുവർഷം ഉപയോഗിക്കാതെ കിടന്നിരുന്നതായും സമിതി മനസ്സിലാക്കുന്നു. വി.സി.സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായുള്ള ജയിൽ ഡി.ജി.പി.-യുടെ പുതിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ, പ്രസ്തുത സൗകര്യങ്ങൾ എവിടെയെല്ലാം പ്രവർത്തന ക്ഷമമായി തുടരുന്നു, നിലവിലെ സ്ഥിതി, നിലവിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളിൽ പുതിയ പദ്ധതിയിലേക്ക് ഉപയോഗിക്കാൻ കഴിയുന്നവയുടെ കണക്ക് എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 18 | ആഭ്യന്തര വകുപ്പ് | 62 | കോടതികളിൽ വീഡിയോ കോൺഫറൻസിംഗിനായി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ചില കോടതികളിൽ നിന്നും സ്ഥലം മാറിപ്പോകുമ്പോൾ പകരം വരുന്നവർക്ക് ട്രെയിനിംഗ് ലഭിക്കാതെ സിസ്റ്റം കൈകാര്യം ചെയ്യുന്നത് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് തടസ്സമാകുന്ന വെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വീഡിയോ കോൺഫറൻസിംഗ് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഒരു സ്ഥിരമായ പരിശീലനപരിപാടി നടപ്പിലാ ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

# GOVERNMENT OF KERALA
## SPORTS &YOUTH AFFAIRS (A) DEPARTMENT

### REPORT OF THE COMPTROLLER AND AUDITOR GENERAL OF INDIA ON GENERAL AND SOCIAL SECTOR FOR THE YEAR ENDED MARCH 2013
[Report No. 2 of the year 2014]

### ACTION TAKEN STATEMENT

| SL. No. | Para No. | Audit Findings | Action Taken by Government |
|---|---|---|---|
| 1 | 2.3.6.2 | **Absence of sports infrastructure data**<br>Comprehensive data on availability of sports persons and sports infrastructure56 in the State including sports facilities in schools, colleges and Local Self-Government Institutions (LSGIs) is vital in planning the creation of various sports infrastructure facilities and implementation of sports development programmes. At present, neither the KSSC nor the DS&YA have such details. Even though Government sanctioned ` 35 lakh to DS&YA in 2010 for generation of Geo-Spatial57 Information on available sports facilities in the State, Audit noticed that the work was entrusted to Kerala State Remote Sensing and Environment Centre only in December 2012 by the DS&YA and work was scheduled to be completed by December 2014. Government replied (November 2013) that database of sports persons would be created by collecting data from the Education Department and Universities. | Administrative Sanction for the Project of implementation of Geo- Spatial Information System was issued on 10/9/2010. Due to delay in executing MOU with Kerala State Remote Sensing and Environment Centre, the implementation was delayed. Subsequently the MOU and the work of implementation of Geo- Spatial Information System started on 2012. 65% of work has been completed so far. |
